# ശാസ്ത്രി സമൂ-
# ഞ്ജലിക്കാത്തു



5681

# സോഷ്യലിസവും ജയപ്രകാശും

KOTTAYAM

ഗ്രന്ഥകർത്താ:

തിരുവാർപ്പു ബാലൻ.

പകർപ്പവകാശം പ്രസാധകന്മാരിൽ.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

വിശ്വഭാരതി പ്രസ്സ്,

കോട്ടയം.

1122.

വില 8 അണ.



M 320

No: 5684

# മുഖവുര

കോൺഗ്രസ്സ് സോഷ്യലിസ്ററുപാർട്ടി (സി. എസ്. പി.) നേതാവ് ശ്രീ. ജയപ്രകാശിൻെറ ജീവചരിത്രസംക്ഷേപത്തോടുകൂടി സോഷ്യലിസ്ററു സിദ്ധാന്തങ്ങളെപ്പററി ഒരു പൊതുവിവരണം നൽകുകയാണു് ഈ പുസ്തകംകൊണ്ടു രചയിതാവു് ഉദ്ദേശിച്ചിരിക്കുന്നതു്.

ഹിന്ദി, ഇംഗ്ലീഷ്, മലയാളം പത്രപംക്തികളിൽ ശ്രീ ജയപ്രകാശനെയും, മററു സോഷ്യലിസ്ററുപാർട്ടിയിലെ പ്രധാന പ്രവർത്തകരായ ശ്രീ അച്യുത് പട്ട്‌വർദ്ധൻ, ആർ. എം. ലോഹിയാ, ശ്രീമതി അരുണാ ആസഫാലി എന്നിവരെയും പററിയും, സോഷ്യലിസ്ററുപാർട്ടി ചരിത്രങ്ങളെ പൊതുവെയും പരാമർശിച്ചു എഴുതിയിട്ടുള്ള ലേഖനങ്ങൾ വായിച്ചു ശേഖരിച്ച കുറിപ്പുകൊണ്ടാണീപ്പുസ്തകം തയാറാക്കിയിരിക്കുന്നതു്.

“Why Socialism” (സോഷ്യലിസം എന്തിനു്) എന്ന ഗ്രന്ഥത്തിനോടു് ഈ പുസ്തകത്തിനുള്ള കടപ്പാടു നിസ്സീമമാണു്.

സോഷ്യലിസ്ററുപാർട്ടിയെപ്പററി ഒരു സാമാന്യജ്ഞാനം എങ്കിലും കിട്ടാൻ ഈ പുസ്തകം വായനക്കാർക്കുപകാരപ്പെടുമെങ്കിൽ എൻെറ പരിശ്രമം ഫലവത്തായി എന്നെനിക്കഭിമാനിക്കാം.

പ്രൗഢമായ ഒരവതാരികകൊണ്ടു് ഈ ലഘുഗ്ര ന്ഥത്തെ മഹത്താക്കിയ പണ്ഡിതശ്രേഷ്ഠൻ ശ്രീ. കെ. ഗോപാലപിള്ള അവർകളോടുള്ള എൻെറ വിനീതമായ നന്ദിയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഐക്യഭാരതവിജയവിശ്വാസത്തോടെ!

ജയ്ഹിന്ദ്.

കോട്ടയം
10-1-'47

ഗ്രന്ഥകർത്താ.

# അവതാരിക

ശ്രീമാൻ ബാലകൃഷ്ണൻനായർ എഴുതിയിട്ടുള്ള
"സോഷ്യലിസവും ജയപ്രകാശും" എന്ന ഗ്രന്ഥത്തേ
യും അദ്ദേഹത്തെയും പൊതുജനസമക്ഷം അവതരി
പ്പിക്കേണ്ടതു ഞാനായിരിക്കണമെന്നുള്ള സ്നേഹമയമാ
യ നിർബന്ധത്തിൻെറ ഫലമായിട്ടാണു് ഞാൻ ഇതി
ന്നാരംഭിക്കുന്നതു്. സ്വപരിശ്രമമൊന്നുകൊണ്ടു വള
ൎന്നുവരാനാഗ്രഹിക്കുന്ന ഒരു യുവാവാണു് ഗ്രന്ഥകർത്താ
വു്. ഈ ചെറുപ്പക്കാരൻെറ ജിജ്ഞാസ എന്നെ ആ
കർഷിച്ചിട്ടുണ്ടു്. ഇന്നു് ലോകത്തിലെവിടെയുമുള്ള
പണ്ഡിതന്മാരെയും പാമരന്മാരെയും ഒരുപോലെ ആ
കർഷിച്ചിട്ടുള്ള സോഷ്യലിസം യുവാവായ ശ്രീ. ബാ
ലകൃഷ്ണൻനായരെയും വശീകരിച്ചുകഴിഞ്ഞിരിക്കുന്ന
തിൽ ആശ്ചര്യപ്പെടാനില്ല. ബ്രിട്ടൺ, ഫ്റാൻസ്,
ആസ്ട്രേലിയ, ന്യൂസിലൻഡ്, തുടങ്ങിയ രാജ്യങ്ങളിൽ
പോലും ഇപ്പോൾ ഭരണം നടത്തുന്നതു സോഷ്യലി
സ്റ്റുഗവമ്മെൻറുകളാകുന്നു. നമ്മുടെ സാമൂഹ്യജീവി
തസമ്പ്രദായങ്ങളിൽ അറിഞ്ഞും അറിയാതെയും സോ
ഷ്യലിസചിന്താഗതികൾ കലരുന്നുണ്ടു്. ഈ ലോക
ത്തിലെ അഭ്യസ്തവിദ്യരുടെ ചിന്താഗതികളിൽ സോ
ഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ വ്യാപിച്ചുവരുന്നു. ലോക
ത്തിൽ മനുഷ്യരുടെ സാമൂഹ്യജീവിതരീതിക്കു സോ
ഷ്യലിസ്റ്റ് സിദ്ധാന്തങ്ങളുമായി ഒട്ടൊക്കെ പൊരുത്ത
മുണ്ടാകേണ്ട ഒരു നവയുഗമാണു് ഇനി ഉദയം ചെ
യ്യുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ സന്ദർ
ഭത്തിൽ ഇപ്രകാരമുള്ള ഗ്രന്ഥങ്ങൾ പൌരന്മാൎക്കു്

വിജ്ഞാനപ്രദവും ജിജ്ഞാസാസംകരവുമായിരിക്കുമെന്നു ള്ളതിൽ സംശയമില്ല.

പ്രകൃതഗ്രന്ഥത്തിൻെറ സ്വഭാവവും ഉള്ളടക്കവും പരിശോധിച്ചുനോക്കിയാൽ ഇതു കേവലം സോഷ്യ ലിസ്ററുതത്വങ്ങളെ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമ ല്ലെന്നു കാണാം. ഇന്ത്യയിലെ സുപ്രസിദ്ധ സോഷ്യലി സ്ററു നേതാവായ ശ്രീ. ജയപ്രകാശനാരായണൻെറ ജീവിതചരിത്രത്തെയും കാൺഗ്രസ്സ് സോഷ്യലിസ്റ്റു കക്ഷിയുടെ ചരിത്രത്തെയും ചുററിപ്പററി ചില പ്രധാ നപ്പെട്ട സോഷ്യലിസ്ററു തത്വങ്ങളുടെ പ്രതിപാദ നവും വിശദീകരണവും ഗ്രന്ഥകർത്താവു നിർവ്വഹിക്കുന്നു വെന്നേയുള്ളു. ഗ്രന്ഥത്തിലെ ഉള്ളടക്കം സ്വന്തമല്ലെ ന്നും അവിടവിടെ നിന്നു ശേഖരിച്ചതാണെന്നും ഗ്ര ന്ഥകാരൻതന്നെ സവിനയമറിയിക്കുന്നുണ്ടു്.

പാശ്ചാത്യസോഷ്യലിസത്തെ അപ്പടി അപ്പാടെ ഇൻഡ്യൻ സാമൂഹ്യജീവിതത്തിലേക്കു പകർത്തുന്ന തിൻെറ അനൗചിത്യത്തെയും അസാംഗത്യത്തെയും പ്രയോജനശൂന്യതയേയുംപററി ധാരാളം ഭാരതീയ സാമൂഹ്യചിന്തകന്മാർ അഭിപ്രായപ്രകടനം ചെയ്യുന്നു. ഇന്ത്യയ്ക്കു സോഷ്യലിസമൊട്ടുംതന്നെ പററിയതല്ലെ ന്നുള്ള അഭിപ്രായത്തെ പണ്ഡിത ജവഹർലാൽനെ ഹ്റു തുടങ്ങിയുള്ളവർ പല ലേഖനങ്ങളും ഗ്രന്ഥങ്ങ ളും വഴിയായി എതിർത്തിട്ടുണ്ടു്. ഹൃദയപരിവർത്തനം കൊണ്ടും സ്വയം ത്യാഗംകൊണ്ടും സ്വത്തുടമസ്ഥരെ നിഃസ്വജനങ്ങളുടെ ന്യാസധാരികളായി സ്വീകരിച്ചും സ്വത്തുടമസ്ഥർ ആ വഴി വിധേയരായും ക്രമേണ ഗാ ന്ധിയൻ സോഷ്യലിസ്ററു ജനപദം ഇന്ത്യയിൽ ഉറ പ്പിക്കണമെന്നു ഗാന്ധിയൻ സോഷ്യലിസ്ററുകൾ സിദ്ധാന്തിക്കുന്നതു കേവലം അപ്രായോഗികവും മധു

THE KOTTAYAM. KOTTAYAM. TRAVANCORE.

രസ്വപ്നവുമാണെന്നു ഇതരസോഷ്യലിസ്റ്റുകൾ വിമർശിക്കുന്നുണ്ടു്. എങ്കിലും ഫേബിയൻ സോഷ്യലിസ്റ്റുകൾ സോഷ്യലിസത്തിന്റെ ആദർശപ്രചാരകരായി വളരെ പ്രയോജനപ്പെട്ടുകൊണ്ടാണിരിക്കുന്നതു്.

ഇന്ത്യയിലെ സോഷ്യലിസ്റ്റു് ആശയപ്രവൎത്തനത്തെ അതിന്റെ സാർവലൗകികപരിസരത്തോടുകൂടി മനസ്സിലാക്കുന്നതു പരിജ്ഞാനപൂൎണ്ണിമക്കാവശ്യമാണു്. സോഷ്യലിസ്റ്റുതത്വങ്ങളെപ്പററിയുള്ള ഒരു സാമാന്യവിവരണം പ്രകൃതഗ്രന്ഥത്തിന്റെ അനുവാചകൎക്കു വിജ്ഞാനപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. സോഷ്യലിസത്തിനു പല പാകങ്ങളും പ്രകാരഭേദങ്ങളുമുണ്ടു്; ആകയാൽ ഒരു സാമാന്യനിർവചനം നല്കുക മാത്രമേ സാദ്ധ്യമാകൂ. കൃഷിവ്യവസായവാണിജ്യാദി സാമൂഹ്യവൃത്തികളിൽ വ്യക്തികളുടെ ഉടമസ്ഥതയ്ക്കും ഉദ്യമത്തിനും പകരം സമഷ്ടിയുടെ ഉടമസ്ഥതയും ഉദ്യമവും നടപ്പിൽ വരുത്തുന്ന ജീവിതവ്യവസ്ഥയാണു് സോഷ്യലിസം. സാധനോല്പാദനത്തിലെ ലാഭോദ്ദേശത്തെ ദൂരീകരിച്ചിട്ടു് ജനസമുദായസേവനോദ്ദേശം സംസ്ഥാപിക്കപ്പെടുന്നു. ഏകാധികാരിയുടെ കൈവശമുള്ള വ്യവസായാദികളെ തൊഴിലാളികൾക്കുള്ള ജനകീയസംഘടനകളുടെ അധികാരത്തിൻ കീഴിലാക്കുന്നു. ഇങ്ങിനെയാകുമ്പോൾ സ്വകാര്യസ്വത്തുടമസമ്പ്രദായത്തിലുണ്ടാകുന്ന വ്യത്യാസമാണു് സോഷ്യലിസത്തിലന്തർഭവിച്ചിരിക്കുന്നതു്. ഭൂമിയുടെയും മൂലധനവിഭവങ്ങളുടെയും ഉടമസ്ഥത സോഷ്യലിസത്തിൽ ബാധിക്കപ്പെടുന്നുണ്ടെങ്കിലും ഉപഭോഗസാധനങ്ങളെ സംബന്ധിച്ചുള്ള വ്യക്തിയുടെ ഉടമസ്ഥത സോഷ്യലിസത്തിൽ അനുവദിക്കപ്പെടുന്നുണ്ടു്. ശ

മ്പളം അഥവാ കൂലിയൊഴികെ ബാക്കിയുള്ള പൂർവ്വി
കസമ്പാദ്യം, പലിശലാഭം, പാട്ടം, വാടക, മുതലായ
ആദായമാർഗ്ഗങ്ങളെയെല്ലാം സോഷ്യലിസം നിഷേ
ധിക്കുന്നു. മൂലധനവ്യവസ്ഥയെ അംഗീകരിക്കുകയാൽ
സഹകരണപ്രസ്ഥാനവും സർക്കാരിനെ ധ്വംസിക്കുന്ന
താകയാൽ അരാജകപ്രസ്ഥാനവും സോഷ്യലിസ
ത്തിൽ നിന്നു ഭിന്നമാണ്. മതത്തെയോ മതസ്ഥാപന
ങ്ങളെയോ കുടുംബത്തെയോ നീക്കം ചെയ്യണമെന്നു
സോഷ്യലിസം പറയുന്നില്ല. ചില സോഷ്യലിസ്റ്റു
കൾ നിരീശ്വരരും നിർമ്മതരുമാണെന്നുവച്ച് എല്ലാ
സോഷ്യലിസ്റ്റുകളും അങ്ങനെയാകണമെന്നില്ല.
സോഷ്യലിസ്റ്റുകളല്ലാത്തവരും നിരീശ്വരരും നിർമ്മ
തരുമായുണ്ടെന്നു അനുസ്മരിക്കേണ്ടതാണ്. സോഷ്യ
ലിസം ഇന്നത്തെ മൂലധനവ്യവസ്ഥയെ എതിർക്കുന്നതു
അതിന്റെ പാഴായ മത്സരസ്വഭാവത്തെ ആസ്പദമാ
ക്കിയാണ്. മൂലധനവ്യവസ്ഥയാൽ ബദ്ധമായ ജനസ
മുദായത്തിൽ നിലവിലുള്ള പ്രകടമായ സാമ്പത്തികാ
സമത്വത്തെയും സോഷ്യലിസം എതിർക്കുന്നു. അതു
പോലെതന്നെ മൂലധനവ്യവസ്ഥയിലെ ലാഭബുദ്ധിയേ
യും സോഷ്യലിസം എതിർക്കുന്നു. ജനസമുദായം സമ
ഷ്ടിയായി ഉടമസ്ഥത വഹിക്കുകയും ഉല്പാദനോപകര
ണങ്ങളെ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ്
സോഷ്യലിസത്തിന്റെ മുഖ്യതത്വം. അപ്പോൾ സോ
ഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന് വ്യക്തിക
ളുടെ വകയായുള്ള ഉല്പാദനോപകരണങ്ങളെ സമഷ്ടി
കണ്ടുകെട്ടണമല്ലോ. എന്നാൽ അവയ്ക്കു പ്രതിഫലം
കൊടുത്തു വ്യക്തികളിൽനിന്നു സോഷ്യലിസ്റ്റുസ
ർക്കാർ വാങ്ങണമെന്നാണ് സോഷ്യലിസം സിദ്ധാന്തി
ക്കുന്നത്. "കഴിവനുസരിച്ചു പ്രയത്നം, ആവശ്യമനു
സരിച്ചു പ്രതിഫലം" എന്നു കമ്മ്യൂണിസ്റ്റു മുദ്രാവാ

കൃത്തോടെ സോഷ്യലിസ്ററുകൾ യോജിക്കുന്നില്ല. ഉല്പാദനപ്രാപ്തിയനുസരിച്ച പ്രതിഫലം നിശ്ചയിക്കാവുന്നതാണ്. സോഷ്യലിസ്ററുവ്യവസ്ഥയിൽ ഒരു കേന്ദ്രകർത്തൃത്വം ഉല്പാദനത്തിനു വിധാനം ചെയ്യുകയും അതിൽ വ്യക്തികളുടെ കഴിവനുസരിച്ച പ്രതിഫലം നിശ്ചയിക്കുകയും പ്രയത്നത്തെ മാനദണ്ഡമാക്കി വില നിശ്ചയിക്കുകയും ചെയ്യുന്നു. സാമൂഹ്യാവശ്യമനുസരിച്ച ഉല്പാദനച്ചെലവിനെ വിഗണിച്ചിട്ടും വില കുറവു ചെയ്യുന്നതാണ്. വ്യവസായത്തിൽ ജനകീയ ഭരണത്തിൻ വേണ്ടിയാണ് സോഷ്യലിസം നിലകൊള്ളുന്നതു്. നഷ്ടപരിഹാരം, അപായരക്ഷാഭോഗം, രോഗരക്ഷാഭോഗം തൊഴിലില്ലായ്മവേതനം, വാർദ്ധക്യവേതനം മുതലായവ നൽകണമെന്നും വാദിക്കുന്നു.

കാറൽമാർക്സിൻെറ "മൂലധനം" എന്ന പ്രാമാണികഗ്രന്ഥത്തിൽ സോഷ്യലിസത്തിൻെറ അധിഷ്ഠാനതത്വങ്ങൾ അടങ്ങിയിരിക്കുന്നു. മാർക്സിയൻ സോഷ്യലിസത്തിനു് ശാസ്ത്രീയ സോഷ്യലിസമെന്നും പേരുണ്ട്. ചരിത്രത്തിൻെറ സാമ്പത്തികവ്യാഖ്യാനം, വ്യവസായാദികളിലെ നിയന്ത്രണകേന്ദ്രീകരണം, അതിമൂല്യവും ജോലിക്കാരുടെ മേലുള്ള ചൂഷണവും, അത്യുല്പാദനവും സാമ്പത്തിക വിഷമസന്ധിയും, വർഗ്ഗസമരം എന്നീ തത്വപഞ്ചകത്തിന്മേലാണ് ശാസ്ത്രീയ സോഷ്യലിസം പ്രതിഷ്ഠിതമായിരിക്കുന്നതു്. മാർക്സിൻെറ പ്രയത്നമൂല്യസിദ്ധാന്തം, അമിതോല്പാദനസിദ്ധാന്തം മുതലായവ വിശകലനം ചെയ്തു ഖണ്ഡിക്കപ്പെട്ടുണ്ട്. സോഷ്യലിസത്തെ ആദികാലികമെന്നും അനന്തരകാലികമെന്നും കാലഭേദത്തെ ആസ്പദമാക്കി രണ്ടായി വിഭജിക്കാം. അപ്രായോഗികമായ യൂറോപ്യൻ സോഷ്യലിസവും സാമ്പത്തികരാഷ്ട്രീയപ്രവർത്തനങ്ങളെ വിഗണിച്ച ധാർമ്മികവശത്തെ ഊന്നി

പ്പറയുന്ന "ക്രിസ്ത്യൻ സോഷ്യലിസവും" ആദികാലികങ്ങളാണ്. സ്റ്റേററു സോഷ്യലിസം, ഫേബിയൻസോഷ്യലിസം ഗിൽഡ് സോഷ്യലിസം ഇവ അനന്തരകാലിക സോഷ്യലിസപ്രസ്ഥാനഭേദങ്ങളാണ്. സൎക്കാർ മുഖാന്തിരം സോഷ്യലിസ്റ്റു സിദ്ധാന്തങ്ങൾ നടപ്പിലാക്കണമെന്ന വാദമാണ് സ്റ്റേററുസോഷ്യലിസം. വിദ്യാഭ്യാസം കൊണ്ടും മററും ക്രമേണ സോഷ്യലിസം നടപ്പാക്കണമെന്നു ഫേബിയൻ സോഷ്യലിസം പറയുന്നു. ഗിൽഡു സോഷ്യലിസം സോഷ്യലിസ്റ്റ്സിദ്ധാന്തങ്ങളുടെയും ട്രേഡ് യൂണിയൻ സംഘടനകളുടേയും സംയോജനമാണ്. രാഷ്ട്രീയമായ പ്രവൎത്തനത്തെ പുച്ഛിക്കുകയും വിദ്യാഭ്യാസമാൎഗ്ഗത്തെ അവഹേളിക്കുകയും ചെയ്തുകൊണ്ടു സാമ്പത്തികപ്രവൎത്തനത്തിനുവേണ്ടി വാദിക്കുകയും അക്രമത്തെ പിൻതാങ്ങുകയും ചെയ്യുന്ന സിൻഡിക്കലിസം സോഷ്യലിസത്തിൻെറ വകഭേദമല്ലെന്നു ബലമായ അഭിപ്രായമുണ്ടു്. സിൻഡിക്കലിസം വിപ്ളവകാരിയായ ഒരു തരം തൊഴിലാളിസംഘടനയാണ്. അതു ട്രേഡ് യൂണിയനുകൾക്കു (വ്യാപാരസംഘങ്ങൾക്കു) പകരം വ്യാവസായികതൊഴിൽ സംഘടനയ്ക്കുവേണ്ടി വാദിക്കുന്നു. ഇന്നത്തെ രാഷ്ട്രമോ നിയസഭാപ്രവൎത്തനങ്ങളോ സാമൂഹ്യവിഭാഗങ്ങളോ ഒന്നും സിൻഡിക്കലിസത്തിനാവശ്യമില്ല. വൎഗ്ഗസമരമെന്ന മാർക്സിയൻ തത്വത്തെ സിൻഡിക്കലിസ്റ്റുകൾ അംഗീകരിക്കയും ലോകതൊഴിലാളികളുടെ സാമ്പത്തികവിപ്ളവത്തെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ഇവരുടെ രാഷ്ട്രം ഒരു വ്യാവസായികസൎക്കാരാണ്. അതിൽ നിയന്ത്രണം ജോലിക്കാരുടെ കയ്യിലാകുന്നു. ഉദ്യോഗസ്ഥന്മാൎക്കു പ്രാതിനിധ്യമില്ല. വിദ്വാന്മാൎക്കു് നേതൃത്വവുമില്ല. സോവി

യററിവും ബോൾഷേവിസവും സോഷ്യലിസത്തിൽനിന്നും വ്യത്യസ്തമാകുന്നു. വാക്കിന്റെ അൎത്ഥം നോക്കിയാൽ സോവിയററിസം രാഷ്ട്രീയവും പ്രദേശപരവുമായ പ്രാതിനിധ്യത്തിനു പകരം വ്യാവസായിക പ്രാതിനിധ്യത്തിനുവേണ്ടി നിലകൊള്ളുന്നു. നിഷ്കൃഷ്ടമായി നടപ്പിലാക്കുന്നതായാൽ സോവിയററിസപ്രകാരം വവ്യസായിക പാർലമെൻറിൽ തൊഴിൽ സമൂഹത്തിനു ജനസംഖ്യയനുസരിച്ചു പ്രാതിനിധ്യം നൽകപ്പെടുന്നു. എന്നാൽ റഷ്യയിൽ അങ്ങിനെ ഉണ്ടായിട്ടില്ല. ബുദ്ധികൊണ്ടു ജോലിചെയ്യുന്നവർ, കൃഷിക്കാർ തുടങ്ങിയ ചില സാമ്പത്തിക സമൂഹത്തെ റഷ്യയിൽ വിഗണിക്കപ്പെടുകയോ അപൂർണ്ണമായി പ്രതിനിധീകരിക്കപ്പെടുകയോ ആണു് ചെയ്തിട്ടുള്ളതു് എന്നു പറയപ്പെടുന്നു. ബോൾഷേവിസ്റ്റ് എന്നു പറഞ്ഞാൽ ഭൂരിപക്ഷമെന്നാണു് അൎത്ഥം. റഷ്യയിലെ ബോൾഷേവിസ്റ്റുകക്ഷി അഥവാ കമ്മ്യൂണിസ്റ്റുകക്ഷി നടപ്പിലാക്കിയ മാർക്സിയൻ സിദ്ധാന്തത്തിന്റെ പ്രായോഗിക രൂപമാണു് കമ്മ്യൂണിസം. ഭൂമി, വ്യവസായം മുതലായവയെ കമ്മ്യൂണിസത്തിൽ പൂർണ്ണമായും ദേശീയമാക്കുകയും സാമ്പത്തികപ്രവൎത്തനം മുഴുവൻ തൊഴിലാളിവൎഗ്ഗം ഏറെറടുക്കുകയും ചെയ്യുന്നു. ഉൽപാദന വിതരണങ്ങൾ സൎക്കാർ നടത്തുന്നു. വിലയും കൂലിയും സൎക്കാർ നിശ്ചയിക്കുന്നു. കമ്മ്യൂണിസത്തിൽ അക്രമാത്മകമായ വിപ്ലവം തന്നെയാണു് അന്തൎഭവിച്ചിരിക്കുന്നതു്. റഷ്യൻ വിപ്ലവഗതിയുടെ നാലുഘട്ടങ്ങളെ ലെനിൻ വ്യവച്ഛേദിച്ചിരിക്കുന്നതിൽനിന്നു് കമ്മ്യൂണിസമെന്തെന്നു മനസ്സിലാക്കാവുന്നതാണു്. 1) മുതലാളിത്തം, 2) വിപ്ലവം കൊണ്ടു് തൊഴിലാളികളുടെ ഏകശാസനാധികാരം 3) സോഷ്യലിസം, 4) കമ്മ്യൂണിസം. സോഷ്യലിസ

ത്തേ കമ്യൂണിസപ്രാപ്തിക്കുള്ള ഒരു പ്രാരംഭപടിയായി ട്ടേ കമ്മ്യൂണിസ്ററുകൾ കരുതുന്നുള്ളൂ.

മേൽപറയപ്പെട്ടതെല്ലാം സോഷ്യലിസത്തെപ്പററി ഏതാണ്ടൊരു വിവരണമെന്നേ പറയാനുള്ളൂ. സോഷ്യലിസത്തിൽ വകഭേദങ്ങളും മതഭേദങ്ങളും ധാരാളമാണു.

ഒരു അവതാരികയിൽ ഇതൊന്നും എഴുതിക്കൂട്ടേണ്ട ആവശ്യമില്ലല്ലോ. എങ്കിലും പ്രകൃത ഗ്രന്ഥത്തിൽ പ്രതിപാദിതമായ വിഷയത്തിൻെറ വൈശദ്യത്തിനു പകരിക്കുമെന്നു കരുതി ഇത്രയും എഴുതിയതാണ്. ഇന്നു ഷോഷ്യലിസം ഏതാനും ദിവാസ്വപ്നക്കാരുടെ അർത്ഥശാസ്ത്രമല്ല. അനവധി രാജ്യതന്ത്രജ്ഞരുടെയും സമ്മതിദാതാക്കളുടെയും രാഷ്ട്രീയ വിശ്വാസമാണു്. ഇക്കഴിഞ്ഞ ഗോളയുദ്ധത്തിനു മുൻപ് വൻകിട രാഷ്ട്രങ്ങളിൽ പലതിലും സോഷ്യലിസ്ററുകക്ഷികൾ വളന്നിരുന്നു. ഏതെങ്കിലും വിഭാഗത്തിലുൾപ്പെട്ട സോഷ്യലിസ്ററു സിദ്ധാന്തവിശ്വാസികൾ പലരും ഭരണവും നിർവഹിച്ചുവന്നുവെന്നു പറയാം. സോഷ്യലിസം ഒരു സാർവദേശീയ രാഷ്ട്രീയ സിദ്ധാന്തമാണ്. ഫാസിസത്തിൻെറയും നാസിസത്തിൻെറയും ആവിർഭാവം കമ്മ്യൂണിസ്ററുകളുടെയും സോഷ്യലിസ്ററുകളുടെയും ഐക്യത്തിനു കാരണമായിത്തീൎന്നു. യുദ്ധകാലത്തെ ഐക്യരാഷ്ട്രകക്ഷിഘടനയിൽ ഈ വസ്തുത നിഴലിച്ചു കാണാവുന്നതാണ്.

ആധുനിക സാമൂഹ്യചിന്തകളുടെ അഭിപ്രായങ്ങളെ ആസ്പദമാക്കി ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ മലയാളവായനക്കാരുടെ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കോട്ടയം

25-5-122 കെ. ഗോപാലപിള്ള. B. A.

# സോഷ്യലിസവും ജയപ്രകാശും

## പ്രാരംഭം

പഴക്കട്ടയിൽ നിന്നു ചീഞ്ഞ പഴങ്ങൾ പെറുക്കിക്കളയുന്ന ജോലിയിലാണു് ശ്രീ ജയപ്രകാശൻ തന്റെ സ്വയം പര്യാപ്തത ആരംഭിച്ചതു്. ഇന്നും അദ്ദേഹം ആ ജോലിതന്നെ തുടരുന്നു. അന്നു ചീഞ്ഞ പഴങ്ങൾ എങ്കിൽ ഇന്നു് സമുദായദ്രോഹികളും, കൃഷക വിദഗ്ദ്ധരും, സ്വാർത്ഥലോലുപരും ആയി ചീഞ്ഞ മനുഷ്യരെ സമുദായത്തിൽനിന്നു ബഹിഷ്കരിക്കുന്നു എന്ന വ്യത്യാസം മാത്രം.

19-ാം വയസ്സിൽ ജയപ്രകാശൻ ലോകജീവിതമാരംഭിച്ചു. ഉന്നതവിദ്യാഭ്യാസാർത്ഥം ജയപ്രകാശൻ അമേരിക്കയ്ക്കു പോയി. കാലിഫോർണിയായിൽ ചെന്ന ജയപ്രകാശനു് അവിടത്തെ കോളജിൽ പ്രവേശനം കിട്ടാൻ കുറച്ചു താമസം വന്നു. അത്രയും കാലം ജീവിക്കാൻ ഒരു പണിതേടി കാലിഫോർണിയായിലുള്ള പത്താൻകാരുടെ പഴവ്യവസായശാലകളിലൊന്നിൽ തന്നെ ജോലി കണ്ടുപിടിച്ചു. ചീഞ്ഞ പഴങ്ങൾ പെറുക്കി മാററുകയായിരുന്നു ആ ജോലി.

ജനനവും വിദ്യാഭ്യാസവും

44 കൊല്ലം മുമ്പ് 1903 ഒക്ടോബർ 11-ാംനു മദിരാശിയിൽവച്ചു ലാൽമോഹൻഘോഷിന്റെ അദ്ധ്യക്ഷതയിൽ ഭാരതമഹാജനസഭയുടെ വാർഷികസമ്മേളനം നടന്നുകൊണ്ടിരുന്ന കാലത്താണു് ജയപ്രകാശന്റെ ജനനം. സോഷ്യലിസ്ററു ഭാരതനായകന്മാരെപ്പററ നാടെന്നു മാറു പലതിനും ചരിത്രം സൃഷ്ടിച്ചു ബീഹാറിനഭിമാനിക്കാം. ബീഹാറിലെ സറൻ ഡിസ്ത്രിക്ടിലുള്ള സിതാബ്ദിയാ ഗ്രാമത്തിൽ ഒരു ദരിദ്രകുടുംബത്തിൽ ജനിച്ച ജയപ്രകാശനാരായണൻ ഭാരതമുതലാളിത്വത്തിന്റെ നാശകാരണമായിത്തീരുമെന്നു് ആരും കരുതിയിരിക്കയില്ല. ഇന്നദ്ദേഹം ഒരു ദരിദ്രനാരായണപൂജാരിയാണു്. പ്രാഥമികപാഠശാലാഭ്യസനകാലത്തു് പഠിത്തത്തിൽ കാണിച്ച മിടുക്കു് ഉന്നതവിദ്യാഭ്യാസത്തിനുള്ള വിദ്യാർത്ഥിവേതനം നേടുന്നതിനിടയാക്കി. ഒന്നാം ലോകമഹായുദ്ധത്തെ തുടന്നു് ഇന്ത്യയിലുണ്ടായ വിപ്ളവങ്ങളിൽ പങ്കെടുത്തതിനു കാളേജിൽ നിന്നു് ജയപ്രകാശനെ ബഹിഷ്കരിച്ചു. സ്കാളർഷിപ്പും നഷ്ടപ്പെട്ടു. ഉന്നതവിദ്യാഭ്യാസത്തിനു് അമേരിക്കയ്ക്കു പോകണമെന്നു തീരുമാനിച്ചു് ഒരു സയൻസുവിദ്യാർത്ഥിയായി പഠനം പൂർത്തിയാക്കാമെന്നു കരുതി ഇന്ത്യവിട്ട ജയപ്രകാശനാരായണൻ മാർക്സിയൻ സിദ്ധാന്തത്തിലടിയുറച്ച വിശ്വാസിയായ ഒരു സോഷ്യലിസ്റ്റായിട്ടാണു് തിരിച്ചെത്തിയതു്.

1922-ൽ ബീഹാറിൽ ചമ്പാരൻ സത്യാഗ്രഹകാലത്തു് മഹാത്മജിയുടെ സഹപ്രവത്തകനായി ബാബു വ്രജകിശോരപ്രസാദ് എന്ന ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രി ശ്രീ പ്രഭാവതീദേവി

യെ ജയപ്രകാശൻ വിവാഹം കഴിച്ചു. മഹാത്മജിയുടെ വ്യക്തിഗതസത്യഗ്രഹത്തിൽ വിദ്യാർത്ഥിയായ ജയപ്രകാശൻ പങ്കെടുത്തിരുന്നെങ്കിലും മഹാത്മജിയുമായുള്ള മൈത്രി പ്രബലപ്പെടുന്നതിന് ഈ വിവാഹബന്ധം ജയപ്രകാശനെ വളരെ സഹായിച്ചു.

അമേരിക്കയിൽ 7 കൊല്ലം

1922-ൽ ജയപ്രകാശ് അമേരിക്കയിലെത്തി. അമേരിന്ത്യന്മാരായിത്തീർന്നിരുന്ന പത്താൻകാരും സിക്കുകാരും കാലിഫോർണിയായിൽ എത്തിയപ്പോൾ വിപ്ളവാസക്തവിദ്യാർത്ഥിയായ ജയപ്രകാശനു വമ്പിച്ചൊരു സ്വീകരണം നൽകി. കാളേജിൽ പ്രവേശിക്കാൻ വിളംബിച്ച ഈക്കാലഘട്ടത്തിലാണ് ദിവസം 10 മണിക്കൂർ വേലചെയ്യുന്ന പഴക്കടജോലിക്കാരനായത്. വേഗം 250 രൂപാ സമ്പാദിച്ച് ശ്രീ ജയപ്രകാശൻ ബക്ക്ലികാളേജിൽ പഠിക്കാനാരംഭിച്ചു. പണിയെടുത്തും സ്വയം പാകംചെയ്തും നോക്കിയിട്ടും തൻെറ പഠനം തുടരാൻ നിവൃത്തിയില്ലെന്നു കാൺകയാൽ ബക്ക്ലി കാളേജിലെ റസ്യൂഷൻ മാത്രം സ്വീകരിച്ചുകൊണ്ട് താരതമ്യേന ഫീസു കറവുള്ളതു ഇയോവാ (Iowa) സർവകലാശാലയിലും തുടന്ന് വിസ്കോൺസൻ (Wisconsin) സർവകലാശാലയിലുംചേന്നു പഠിച്ചു. ഗണിതശാസ്ത്രവും, പൗരധർമ്മശാസ്ത്രവും, രസതന്ത്രവും പഠിക്കാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും അദ്ദേഹം രാഷ്ട്രീയമീമാംസ, സാമൂഹ്യ ശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നീ വിഷയങ്ങളിലാണ് പഠനം പൂർത്തിയാക്കിയത്.

വിദ്യാഭ്യാസകാലത്ത് അദ്ദേഹം അനുഭവിച്ച സാമ്പത്തികദുരിതവും വ്യവസായിക പുരോഗതിയുള്ള

ഐക്യനാടുകളിൽപോലും കൂടെക്കൂടെയുണ്ടായിക്കൊണ്ടിരുന്ന തൊഴിലാളിപണിമുടക്കുകളും ജയപ്രകാശനെ ഒരു സോഷ്യലിസ്ററു ചിന്തകനാക്കിത്തീർത്തു. വിസ്കോൺസൻ സർവകലാശാലയിലെ ധനതത്വശാസ്ത്രപ്രഫസർ ഒരു തികഞ്ഞ സോഷ്യലിസ്റ്റായിരുന്നു. അദ്ദേഹവുമായുള്ള സഹവാസവും, വാദപ്രതിവാദങ്ങളും ജയപ്രകാശനെ ഒരു മാർക്സിയൻ സിദ്ധാന്തവാദിയാക്കി. ധാരാളിത്തത്തിൻെറ നാടായ അമേരിക്കയിൽ സാമൂഹ്യവ്യവസ്ഥിതിയിൽ ഇത്ര തകരാറുണ്ടെങ്കിൽ ദരിദ്രഭാരതത്തിൻെറ സ്ഥിതി എന്തായിരിക്കുമെന്നും, തൻമൂലം ഭാരതത്തിൽ സോഷ്യലിസത്തിന് എന്തു പ്രസക്തിയുണ്ടെന്നും തട്ടിച്ചുനോക്കി ജയപ്രകാശൻ മനസ്സിലാക്കി. സോഷ്യലിസ പ്രചരണപരമായ പഠനങ്ങൾക്കായി കുറെക്കാലം ജയപ്രകാശൻ അമേരിക്കയിലെ കൽക്കരിഖനി, തീവണ്ടി തൊഴിലാളികളുടെ ഇടയിൽ പരിശീലനം നടത്തുകയും 1929-ൽ അദ്ദേഹം ഇൻഡ്യയിലേക്കു മടങ്ങുകയും ചെയ്തു. വിദ്യാർത്ഥിയായി അമേരിക്കയ്ക്കുപോയ ജയപ്രകാശനാരായണൻ ഒരു മെക്കാനിക്ക്, കമ്പനി പാറാവുകാരൻ, കർഷകൻ, വിൽപനക്കാരൻ എന്നീ നിലകളിൽ വേലചെയ്തു് ധനതത്വശാസ്ത്രവിശാരദനായി മാർക്സിയൻ സിദ്ധാന്തവാദിയായി, സോഷ്യലിസ്ററു ഭാരതം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിൽ അടിയുറച്ച വിശ്വാസത്തോടുകൂടിയാണു് തിരിച്ചു ഇന്ത്യയിൽ കാലുകുത്തിയതു്.

"കാര്യബോധമുള്ള ന്യൂനസംഘം ആളുകൾ അജ്ഞരായ സാമാന്യ ജനങ്ങളുടെ നേതൃത്വം വഹിച്ചു് പൊട്ടുന്നനവെ ആക്രമണങ്ങൾ നടത്തിയും കലാപങ്ങൾ ഉണ്ടാക്കി

യും പരിവർത്തനങ്ങൾ സാധിച്ചിരുന്ന കാലമുണ്ടായിരുന്നു; ആ കാലം കഴിഞ്ഞുപോയി. സാമൂഹ്യഘടനയെ ആകെ മാററിമറിച്ച് പുനഃസംഘടിപ്പിക്കുകയാണ് ഇന്നു വേണ്ടിയിരിക്കുന്നത്. അതു സാധിക്കണമെങ്കിൽ അതിനുള്ള പരിശ്രമത്തിൽ സാമാന്യ ജനങ്ങൾ നേരിട്ടു പങ്കുകൊള്ളണം, എന്തിനുവേണ്ടിയാണ് പരിശ്രമിക്കുന്നതെന്നും, ജയിച്ചാലുള്ള നേട്ടങ്ങളും തോററാലുള്ള നഷ്ടങ്ങളും എന്തെല്ലാമെന്നും, അവർ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. കഴിഞ്ഞ കുറെ കൊല്ലത്തെ ചരിത്രം നമ്മെ പഠിപ്പിച്ചുതരുന്നതിതാണ്. എന്നാൽ എന്താണ് ചെയ്യേണ്ടതെന്ന്, ബഹുജനങ്ങളെ ശരിക്കു ധരിപ്പിക്കുന്നതിനും, ദീർഘകാലത്തെ സ്ഥിരപരിശ്രമം ആവശ്യമാകുന്നു. ആ പരിശ്രമത്തിലത്രേ ശത്രുവിനെ അമ്പരപ്പിക്കുന്ന വിജയത്തോടുകൂടി നാം ഏർപ്പെട്ടിരിക്കുന്നത്."

ഫ്രഡറിക്ക് ഏംഗൽസ്

---

# അദ്ധ്യായം 1

ഇന്ത്യയിൽ

വിദേശവിദ്യാഭ്യാസം കഴിഞ്ഞ് ഇവിടെ തിരിച്ചുവരുന്നവർ ഉദ്യോഗാർത്ഥികളായിട്ടാണ് സാധാരണ കാണപ്പെടുന്നത്. സ്വജീവിതസുഖം തന്നെയായിരുന്നില്ല ജയപ്രകാശൻെറ ലക്ഷ്യം. ജനസാമാന്യത്തിന് ഉയർച്ചയുണ്ടാകണമെന്നദ്ദേഹം ആശിച്ചു.

ബാഹ്യമായ പൊതുജനശക്തിയുടെയും ആഭ്യന്തരമായ വ്യക്തിസംതൃപ്തിയുടെയും സമ്മേളനത്തിൽനിന്നു സാമൂഹ്യക്ഷേമൈശ്വര്യങ്ങൾ സംജാതമാക്കാൻ—"സാമൂഹ്യസമൃദ്ധിയിൽ മനുഷ്യന്റെ സംതൃപ്തിയും, പൗരന്റെ സ്വാതന്ത്ര്യവും രാഷ്ട്രത്തിന്റെ മഹത്വവും" നിലനിർത്താൻ—അദ്ദേഹം ശ്രമിച്ചു. മേൽപറഞ്ഞ സിദ്ധികളാണു് സോഷ്യലിസത്തിന്റെ രത്നച്ചുരുക്കം.

### കോൺഗ്രസ്സിൽ

മാർക്സിയൻ സിദ്ധാന്തത്തിലുള്ള അടിയുറച്ച വിശ്വാസവും സാമാന്യജനങ്ങളോട് ഉററ സമ്പർക്കം ചെയ്യുന്നതിലുള്ള സന്നദ്ധതയും, വ്യർത്ഥസ്വപ്നങ്ങളിൽനിന്നു സാമാന്യ ജനങ്ങളെ ഉദ്ധരിക്കുന്നതിൽ കാണിച്ച ആത്മാർത്ഥതയുംമൂലം ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ തൊഴിൽ ഗവേഷണവകുപ്പിൽ ഉദ്യോഗസ്ഥനായി ജയപ്രകാശൻ നിയമിക്കപ്പെട്ടു. ഇക്കാലഘട്ടത്തിൽ ലോകം പൊതുവെ പരിവർത്തനദശയിലേക്കു പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നു യൂറോപ്യൻ മുതലാളിത്തരാഷ്ട്രങ്ങളിൽ വളർന്നിരുന്ന സോഷ്യൽ ഡെമോക്രാററുകൾക്കും, ലിബറൽ കക്ഷിക്കാർക്കുപോലും തങ്ങളുടെ സ്വാധീനശക്തി നഷ്ടപ്പെട്ടിരുന്നു. ഈ അവസരത്തിൽ മേൽപറഞ്ഞ കക്ഷികൾക്കു കമ്മ്യൂണിസ്ററു പാർട്ടിയിൽ ലയിക്കുകയോ, കമ്മ്യൂണിണിസ്റ്റ് ആദർശപരിപാടികൾ അനുസരിച്ചു പ്രവർത്തിക്കുകയോ മാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളു. യൂറോപ്പിൽ പല രാജ്യങ്ങളിലും ഈ നയമാണു് സ്വീകൃതമായതു്. ഈ ഘട്ടത്തിൽതന്നെയാണു് യൂറോപ്പിൽ നാസിസത്തിന്റെ വേരുറച്ചതും. കമ്മ്യൂണിസ്റ്റ് കാ

രെപ്പോലെയോ, സോഷ്യലിസ്റ്റ്കാരെപ്പോലെയോ ഉള്ള സംഘടിതനിലയോ, പരിപാടികളോ ഇല്ലായിരുന്നെങ്കിലും സോഷ്യലിസവാദികളായ കുറെ ആളുകൾ ഈ ഘട്ടത്തിൽ ഇന്ത്യയിലും ഉണ്ടായിരുന്നു. അവരാരും കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിനെ ഇഷ്ടപ്പെട്ടുമില്ല. അതുകൊണ്ടു യൂറോപ്പിലുണ്ടായതുപോലെയുള്ള കക്ഷിമത്സരമൊ വഴക്കൊ ഒന്നും ഇന്ത്യയിലുണ്ടായിരുന്നില്ല. ഗാന്ധി—ഇർവിൻസന്ധി കഴിഞ്ഞിരുന്ന ഘട്ടമായിരുന്നതുകൊണ്ടു കോൺഗ്രസ്സിലും പൊതുവെ സമാധാനം കാണപ്പെട്ടിരുന്നു. ഈ ചുററുപാടിൽ ഒരു കൊടുങ്കാററടിച്ചു; ആകാശം ഇരുണ്ടു; അതിൻെറ ഫലമായിട്ടാണു് പണ്ഡിററു് ജവഹരിലാൽ നെഹ്റുവിനെ ഇൻഡ്യൻനാഷണൽ കാൺഗ്രസ്സിൻെറ പ്രസിഡണ്ടായും, ജയപ്രകാശനാരായണനെ സെക്രട്ടറിയായും തെരഞ്ഞെടുത്തതു്. ഇക്കാലത്തു യൂറോപ്പിൽ മുതലാളിത്തവ്യവസ്ഥിതി തകരാൻ തുടങ്ങുന്നതും, ലണ്ടനിൽ പട്ടിണിക്കാർ ജാഥാ നയിക്കുന്നതും, തൊഴിലാളികൾ പണിമുടക്കുന്നതുമെല്ലാം ഇന്ത്യാക്കാരും കണ്ടുകൊണ്ടിരുന്നു. സ്വരാജ് നമുക്കു വയറുനിറച്ചു ആഹാരവും, കിടക്കാൻ ഭൂമിയും തരുമെങ്കിൽ പിന്നെ വഴക്കും പൊല്ലാപ്പും എന്തിനു് എന്നു് ഭാരതത്തിലെ ഓരോ തൊഴിലാളിയും ചോദിച്ചു. പക്ഷെ അതിനാരിൽനിന്നും മറുപടി ലഭിച്ചില്ല. ജയപ്രകാശൻ മറുപടി നൽകി. സാമ്പത്തികാസമത്വം നിലനിൽക്കുന്ന ഒരു സ്വരാജ് ആണു് ഇന്നു യൂറോപ്പിലും അമേരിക്കയിലുമുള്ളതു്. അതുണ്ടെങ്കിൽ സ്വതന്ത്രഭാരതത്തിൻെറയും നില തുല്യമാണു്. ആകയാൽ നാം ഒരു സ്വതന്ത്രഭാരതം സൃഷ്ടിക്കുന്നതിൽ മാത്രം തല്പരരായാൽ പോരെന്നും, ഒരു സോഷ്യലിസ്റ്റ് ഭാരതസൃ

ഷ്ടിയായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും ജയപ്രകാശൻ പ്രസ്താവിച്ചു. കാൎയ്യം ആളുകൾക്കു മനസ്സിലായി. പുറത്തുനിന്നുള്ള കമ്മ്യൂണിസവേഴ്ച ജനങ്ങൾ ആഗ്രഹിച്ചില്ല. കമ്മ്യൂണിസ്റ്റ്കളുടെ വഴിപിഴച്ച വിപ്ളവപ്രസ്ഥാനങ്ങളെ ജനങ്ങൾ എതിർക്കുക കൂടി ചെയ്തിരുന്നു. സോഷ്യലിസ സിദ്ധാന്തപ്രചരണാൎത്ഥം പ്രത്യക്ഷമായല്ലെങ്കിലും രാഷ്ട്രപതിയായിരുന്ന പണ്ഡിററ്ജിയും സഹായിച്ചുകൊണ്ടാണിരുന്നതു്.

ഇംഗ്ലണ്ടിൽ സോഷ്യലിസ്റ്റ് ഡെമോക്രാററിക്ക് കക്ഷിസിദ്ധാന്തത്തെ എങ്ങനെ കർഷക—തൊഴിലാളി സമൂഹങ്ങൾ പിൻതള്ളിയോ അതുപോലെ ഇന്ത്യയിൽ മഹാത്മജിയുടെ ക്രിസ്ത്യൻസോഷ്യലിസത്തെയും (മതാചാരങ്ങളെ നിലനിൎത്തിക്കൊണ്ടു പോകുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥ) പിൻതള്ളുകയാണുണ്ടായതു്. 1931—ൽ സർദാർപട്ടേലിൻെറ അദ്ധ്യക്ഷതയിൽ കൂടിയ കറാച്ചി കോൺഗ്രസ്സ് സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട "ജനകീയാധികാരാവകാശപ്രഖ്യാപന"പ്രമേയം പാസ്സാക്കപ്പെട്ടതിനെ തുടൎന്നു് ജയപ്രകാശൻെറ വാദങ്ങൾക്കു പിൻബലം വർദ്ധിച്ചുവന്നു. ഈ കറാച്ചി പ്രമേയത്തിൽ കോൺഗ്രസ്സ് ഒരേ ഒരടിക്കു സോഷ്യലിസം നട്ടുവളൎത്താനല്ല, യത്നിക്കേണ്ടതെന്നും സാമ്പത്തിക ചൂഷണത്തിൽനിന്നു സാധാരണക്കാരനെ രക്ഷിക്കാനുതകുന്ന സാമ്പത്തിക സംഘടനാപരിപാടി നടപ്പിലാക്കാനാണു് ശ്രമിക്കേണ്ടതെന്നുമാണു് പ്രസ്താവിച്ചിരുന്നതു്. എന്നാൽ ആ പ്രമേയം സ്വകാൎയ്യസ്വത്തുടമയെ അംഗീകരിക്കുന്നുമുണ്ടായിരുന്നു.

ജയിലിൽ.

കറാച്ചികോൺഗ്രസ്സുസമ്മേളനത്തെ തുടർന്നു 1931—ൽ നിയമനിഷേധപരിപാടി ആരംഭിച്ചു.

നേതാക്കന്മാർ പലരും അറസ്ററു ചെയ്യപ്പെട്ടു. കോൺഗ്രസ്സ് ജനറൽസെക്രട്ടറി ശ്രീ ജയപ്രകാശനെയും അറസ്ററുചെയ്തു. നേതാക്കന്മാർ ജയിലിലാക്കപ്പെട്ടതോടെ നിയമനിഷേധപരിപാടി നിലച്ചു. വെളിയിലുള്ളവർ പ്രവർത്തിയ്ക്കാൻ പരിപാടിയോ, പ്രസംഗിക്കാൻ പ്ലാററുഫാറമോ, നയിയ്ക്കാൻ നാഥനോ ഇല്ലാതെയാണ് നിയമനിഷേധപ്രസ്ഥാനം നിലച്ചത്. ജനസാമാന്യത്തിനു പരിശീലനവും, നേതൃത്വവും നൽകാത്തതിൻെറ കുറവ് കോൺഗ്രസ്സിലെ ക്രാന്തദർശികളായ യുവജനങ്ങൾക്കു മനസ്സിലായി. അവർ ഗാന്ധിയൻ പ്ലാനിനെയും, ഗാന്ധിയൻ നേതൃത്വത്തെയും പഴിച്ചു. യൂസഫ് മെഹറാലി ഈ പരാജയത്തെപ്പററി ഇപ്രകാരം പറഞ്ഞു:—സുശക്തമായ ഭരണാധികാരികളോടു ആവേശമില്ലാത്ത യുദ്ധമാണു നാം ചെയ്തതു്." ജനസാമാന്യത്തെ കാൺഗ്രസ്സിൻെറ പിന്നിൽ കൊണ്ടുവരേണ്ട ആവശ്യം അവൎക്കു ബോദ്ധ്യമായി. അവർ അതിനുള്ള പരിപാടികൾ ജയിലിനുള്ളിൽവച്ചുതന്നെ തയ്യാറാക്കി. ആ പരിപാടിയാണ് സോഷ്യലിസ്റ്റു പാർട്ടിയുടെ രൂപീകരണം. ഇതരലോകവിപ്ളവ പ്രസ്ഥാനങ്ങളുടെയെന്നപോലെ ഇന്ത്യൻകോൺഗ്രസ്സ സോഷ്യലിസ്ററു കക്ഷിയുടെയും ജനനം ജയിലിൽ വച്ചായിരുന്നു. നാസിക് ജയലിൻെറ ഉള്ളറയിൽവച്ചാണ് കക്ഷി രൂപീകരിക്കപ്പെട്ടതു്. അന്നവിടെ ജയപ്രകാശനോടുകൂടി അച്യുത്പട്ട്‌വർദ്ധൻ, മനുമസാനി, അശോകമേത്താ, എസ്. എം. ജോഷി, എൻ. ജി. ഗോറേ പ്രഫസർ ഡാന്തുവാലാ, എന്നീ ആറുപേരും ഉണ്ടായിരുന്നു. കക്ഷിയുടെ തത്വങ്ങൾക്കനുസൃതമായ പതിനഞ്ചു പ്രായോഗികപരിപാടികൾ തയാറാക്കി.

1. ഉല്പാദനോപകരണങ്ങൾ പൊതുവുടമയിൽ കൊണ്ടുവരുക.

2 കഴിവനുസരിച്ചു പണി, ആവശ്യമനുസരിച്ചു കൂലി,

3. തൊഴിലനുസരിച്ചു വോട്ടവകാശം.

4. അഭിപ്രായസ്വാതന്ത്ര്യം.

5. മുതലാളിത്വത്തിനോ, സ്റ്റേററിനോ കക്ഷിക്കോ, ജനങ്ങൾ അടിമകളാകാതിരിക്കുക, എന്നിവയാണു് പാർട്ടിയുടെ സാധാരണതത്വങ്ങൾ. സോഷ്യലിസ്ററുപരിപാടിയും പ്രചരണവും നിഷ്ഫലമാണെന്നും അതു് ഇന്ത്യൻ മണ്ണിനുപററിയതല്ലെന്നും പറയുന്നവരോടു ജയപ്രകാശിനു പറയാനുള്ള സമാധാനം ഇതാണു്.—"ഇന്ത്യയിൽ മുതലാളിത്തം അത്ര പ്രബലപ്പെട്ടിട്ടില്ല. സാമ്രാജ്യാധികാരത്തേക്കാൾ കവിഞ്ഞ പ്രാബല്യമുള്ള ഒരു ശക്തിയോ കക്ഷിയോ ഇന്നിന്ത്യയിലില്ല. ആ സാമ്രാജ്യാധികാരം നിലംപതിച്ചാൽ പിന്നീടു നമുക്കു് എതിരു നിൽക്കുവാൻ ഇന്ത്യയിൽ യാതൊന്നുമുണ്ടായിരിക്കയില്ല. മുതലാളിമാക്കും നമ്മെ തടയുന്നതിനുള്ള ശക്തിയുണ്ടായിരിക്കയില്ല.

## എതിർപ്പു്

പാർട്ടിയുടെ പതിനഞ്ചു പരിപാടി കണ്ടു ചിലർ "ഇതു കുറച്ചു കടന്നുപോയി, വല്ലാത്ത വിദേശിച്ചൊവ്വാണിതിനുള്ളതു്, ഇതിലെ പല ലക്ഷ്യങ്ങൾക്കും ഹിംസാത്മകപരിപാടികൾ സ്വീകരിക്കേണ്ടിവരും" എന്നെല്ലാം അധിക്ഷേപിച്ചു.

## വളർച്ച

സോഷ്യലിസ്ററ് പാർട്ടി കോൺഗ്രസ്സിനോടു സഹകരിച്ചാണ് പ്രവർത്തിക്കാൻ തീരുമാനിച്ചതു്. പാർട്ടിയുടെ വളർച്ചയ്ക്കും വിപുലമായ പരിപാടികളുടെ പ്രവർത്തനത്തിനും, കോൺഗ്രസ്സുമായി യോജിച്ചു നിൽക്കേണ്ടതാവശ്യമാണെന്നും, ഭിന്നിച്ചു നിന്നാൽ യൂറോപ്യൻ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ്കാർ ഒടുവിൽ റഷ്യൻ കമ്മ്യൂണിസത്തിൽ ലയിച്ചുപോയതുപോലെ കമ്മ്യൂണിസത്തിൽ ലയിച്ചുപോകുന്നതിന് ഇടയാകുമെന്നും, സോഷ്യലിസ്ററ് നേതാക്കന്മാർ കരുതി. സോഷ്യലിസ്ററ് പാർട്ടിയിൽ കോൺഗ്രസ്സിൽ അംഗങ്ങളായിട്ടുള്ളവർക്കു മാത്രമേ പ്രവേശനം നൽകൂ എന്നുള്ളതു് ഇന്നുമുള്ള ഒരു നിർബന്ധമാണ്.

മററു കാര്യങ്ങളിൽ പൊതുവെ വലതുപക്ഷക്കാരെക്കാൾ ഒരു ഉയർന്ന നിലയാണ് സോഷ്യലിസ്ററ് പാർട്ടിക്കാരായ കോൺഗ്രസ് ഇടതുപക്ഷക്കാർ സ്വീകരിച്ചിരുന്നതു്.

## പാർട്ടിയുടെ സ്ഥാപനം

1934—ൽ നേതാക്കന്മാരെ മോചിപ്പിച്ചതിനെ തുടർന്ന് പാററ്നായിൽവച്ചു് ആദ്യത്തെ സോഷ്യലിസ്ററുപാർട്ടിയുടെ യോഗം ആചാര്യനരേന്ദ്രദേവിന്റെ അദ്ധ്യക്ഷതയിൽ കൂടി. ആ കൊല്ലം ഒക്ടോബറിൽ പാർട്ടിയുടെ സ്ഥാപനവും നടന്നു. ആരംഭകാലത്തുതന്നെ തത്വങ്ങളോടു യോജിക്കുന്ന 3000 പേർ അംഗങ്ങളായി ചേർന്നു. തകർന്ന തലച്ചോറിന്റെ ലക്ഷണമാണ് സോഷ്യലിസമെന്നും, അതിനേക്കാൾ

അധഃപതിച്ച സ്വപ്നമാണ് കമ്യൂണിസമെന്നും ഇവിടെയും മററു രാജ്യങ്ങളിലെന്നപോലെ ആളുകൾ പ്രചരണം തുടങ്ങി.

## പ്രവത്തനമണ്ഡലം

കോൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി (സി. എസ്. പി.) യുടെ ആവിർഭാവത്തിനു വളരെക്കാലം മുമ്പുതന്നെ റോയിക്കക്ഷിയും, കമ്മ്യൂണിസ്റ്റ്പാർട്ടിയും ഇൻഡ്യയിൽ ഫാക്ടറി തൊഴിലാളികളുടെയിടയിൽ സ്ഥാനം പിടിച്ചിരുന്നു. 1926 മുതൽ കമ്മ്യൂണിസ്റ്റ്പാർട്ടിപ്രവത്തിച്ചതിൻെറ ഫലമായി 80000 അംഗങ്ങളുള്ള ജേർണികാംഗാർ യൂണിയനും, 160000 അംഗങ്ങളുള്ള ജി. ഐ. പി. റെയിൽവേയൂണിയനും അവരുടെ നേതൃത്വത്തിലായിരുന്നു.

1928—ൽ അവർ ബോംബേടെക്സ്ററയിൽ ആറുമാസം നീണ്ടുനിന്ന പണിമുടക്കു നടത്തി വിജയകരമായി അവസാനിപ്പിച്ചതു് കമ്മ്യൂണിസ്റ്റ് കക്ഷിയുടെ നിലനില്പിന് പ്രധാന കാരണമായിത്തീൎന്നു. അതുകൊണ്ടു് സി. എസ്. പി. കാർ ആദ്യം തങ്ങളുടെ പരിപാടികളുമായി ഗ്രാമപ്രദേശങ്ങളിലേക്കാണു നീങ്ങിയതു്. സെമിന്ദാരന്മാരുടെ അമിതമായകരം ചുമത്തലിൽനിന്നും, നികുതി ഈടാക്കലിൽനിന്നും സാധു കർഷകരെ രക്ഷിക്കുകയായിരുന്നു അവരുടെ പ്രധാന പരിപാടി. സി. എസ്. പി. പാററ്നായിൽ കൂടിയ സന്ദർഭത്തിലാണ് എ. ഐ. സി. സി. ബോംബയിൽകൂടി നിയമലംഘനപരിപാടി പിൻവലിച്ചിട്ടു് കോൺഗ്രസ്സിൻെറ പാർലമെൻററിപരിപാടി അംഗീകരിക്കാൻ തീരുമാനിച്ചതു്. ഇതും യുവാക്കന്മാരെ കോൺഗ്രസ്സിൽനിന്നു പിന്തിരിപ്പിക്കുന്നതിനും

സി. എസ്. പി. യിൽ ചേൎക്കുന്നതിനും ഇടയാക്കി. പാററ്നായിൽ വച്ചു പാർട്ടിയുടെ സംഘടനാ സെക്രട്ടറിയായി ജയപ്രകാശനെ തിരഞ്ഞെടുത്തു. മൂന്നുമാസം കഴിഞ്ഞു ബോംബെയിൽവച്ചു കൂടിയ സമ്മേളനത്തിൽ ജയപ്രകാശനെ ജനറൽസെക്രട്ടറിയായും തെരഞ്ഞെടുത്തു. ലക്നോ കോൺഗ്രസ്സിൽ (1935) പ്രസിഡണ്ടായിരുന്ന പണ്ഡിററ്ജി, ജയപ്രകാശനെ കോൺഗ്രസ്സ് വക്കിംഗ കമ്മററിയിലുൾപ്പെടുത്തുന്നതുവരെ ജയപ്രകാശൻ തന്നെയായിരുന്നു. സി. എസ്. പി. യുടെ ജനറൽ സെക്രട്ടറി. ഫാസിസ്റ്റ് വിരോധിയും, സോഷ്യലിസ്ററ് ആദർശ വിശ്വാസിയും ആയ പണ്ഡിററ് ജവഹരിലാൽനെഹ്രുവിനു അതേ വിശ്വാസവും, സോഷ്യലിസ്റ്റ് ഭാരതസംസ്ഥാപന ലക്ഷ്യവുമുള്ള ശ്രീ ജയപ്രകാശനെ അനുകൂലിക്കാനും തൻെറ സഹപ്രവൎത്തകനാക്കാനും തോന്നിയതിൽ അതിശയിക്കാനൊന്നുമില്ലല്ലോ.

ഫാസിസത്തെപ്പററി

"മുതലാളിത്വത്തിൻെറ അധഃപതനത്തെയാണു ഫാസിസം കുറിക്കുന്നതു്. ഏതു വിധേനയും സ്വസത്തയെ നിലനിത്താൻ കൊതിക്കുന്ന മുതലാളിത്വത്തിൻെറ മരണ ഗോഷ്ടികളാണു് ഫാസിസം. സാമ്പത്തികാധഃപതനവും തൻമൂലമുള്ള വിലയിടിവും പരിതസ്ഥിതികളുടെ പ്രേരണയാലുള്ള തൊഴിലാളി സംഘടനകളുടെ പുരോഗതിയും മുതലാളിത്വം അതിൻെറ പ്രജായത്തഭരണത്തിൽനിന്ന് ഏകശാസനഭരണത്തിലേക്കു് വലിഞ്ഞുകയറുകയാണു ചെയ്തിരിക്കുന്നതു്. ജനസാമാന്യസമുൽക്കർഷത്തെ ലാക്കാക്കുന്ന സ്വരാജ്യവാദിക്കു് ഫാസിസത്തെ വെറുക്കാതെ

നിവൃത്തിയില്ല. ഫാസിസത്തിന്റെ ഒരു ആജന്മശത്രുവാണവൻ." എന്നാണ് ഫാസിസത്തെപ്പററി ജയപ്രകാശനുണ്ടായിരുന്ന അഭിപ്രായം.

സ്വത്തുടമ

ഗാന്ധിയൻമാർഗ്ഗമായ രാമരാജ്യത്തിൽ വിഭാവനംചെയ്യുന്ന സ്വത്തുടമസമ്പ്രദായവും സോഷ്യലിസ്റ്റ് ഭാരതം കാണുന്ന സ്വത്തുടമസമ്പ്രദായവും തമ്മിൽ വലിയ അന്തരമുണ്ട്. കോൺഗ്രസ്സിലെ ഗാന്ധിയൻ വാദികളായ മുതലാളിമാർ സോഷ്യലിസത്തെ വെറുക്കുന്നതും അതുകൊണ്ടാണ്.

"സാമ്പത്തികചൂഷണത്തിനും, അസമത്വത്തിനും ഇടയാക്കുന്ന അടിസ്ഥാനകാരണങ്ങളെ നീക്കംചെയ്യുകയാണു വേണ്ടതു്." എന്നു സോഷ്യലിസ്റ്റുകാർ പറയുന്നു. അതിന്നു് അവർ നിർദ്ദേശിക്കുന്ന വഴി "ഉല്പാദനോപകരണങ്ങളുടെ സ്വകാര്യഉടമകൾ അവസാനിപ്പിക്കണമെന്നാണു്."

രാമരാജ്യത്തിൽ സ്വത്തുടമ സംബന്ധിച്ചുണ്ടായിരിക്കുന്ന നില വിശദീകരിച്ചു മഹാദേവദേശായിപ്രസിദ്ധീകരിച്ചിട്ടുള്ള ഒരു റിപ്പോർട്ടിൽ പറയുന്നതു നോക്കുക:—

"ന്യായമായ കാരണമില്ലാതെ സ്വത്തുടമസ്ഥന്മാരുടെ സ്വത്തുക്കൾ പിടിച്ചെടുക്കുന്നതിൽ ഞാൻ പങ്കുനില്ക്കുന്നതല്ലെന്നു ഉറപ്പുതന്നുകൊള്ളട്ടെ. നിങ്ങളുടെ സ്വകാര്യസ്വത്തു് കുടിയാന്മാരുടെ നന്മയ്ക്കായുള്ള ഒരു ട്രസ്റ്റെന്നുകരുതി അതിനെ പ്രധാനമായി അവരുടെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി നിങ്ങൾ ഉപയോഗപ്പെടുത്തുമാറു് നിങ്ങളുടെ ഹൃദയപരിവർത്തനം സാധിക്കുതന്നാണു് എന്റെ ലക്ഷ്യം."

സോഷ്യലിസവും ഗാന്ധിയൻസിദ്ധാന്തവും തമ്മിലുള്ള പൊതുവ്യത്യാസങ്ങളെപ്പററി പറയാം.

(1) സ്വരാജ്ലബ്ധിക്കുവേണ്ടി ഹിംസയോ, അഹിംസാപരിപാടിയോ ഇഷ്ടമുള്ള മാർഗ്ഗം സ്വീകരിക്കാമെന്നു സോഷ്യലിസ്റ്റ്കാർ വിശ്വസിക്കുമ്പോൾ ഗാന്ധിയൻസിദ്ധാന്തത്തിൽ സ്വരാജ്ലബ്ധിക്കു നാം സത്യവും അഹിംസയും മാത്രം ആയുധമാക്കണമെന്നു നിർദ്ദേശിക്കുന്നു.

(2) ഉയൎന്നവനെന്നോ, താഴ്ന്നവനെന്നോ, ഉള്ള ദ്വന്ദ്വകോടിയിലുള്ള മനുഷ്യസമുദായത്തിന്റെ നിലനിൽപുമാററി ഒരു സ്ഥിതിസമത്വത്തിൽ ചെന്നുചേരാൻ സോഷ്യലിസ്റ്റ്കാർ ശ്രമിക്കുമ്പോൾ; ഗാന്ധിയൻ പ്ലാനിൽ തങ്ങൾക്കുണ്ടായിട്ടുള്ള ധനം പാവപ്പെട്ടവരുടെ വിയർപ്പുതുള്ളികൾ ഊററിയുണ്ടാക്കിയതാണെന്നു മനസ്സിലാക്കി പാവങ്ങളുടെ ഉന്നതിക്കുവേണ്ടി അതിൽ ഒരു ഭാഗം ചിലവാക്കാൻ ഉപദേശിക്കുന്നു.

(3) യാന്ത്രികസിദ്ധികൾ കൊണ്ടു് പണിയില്ലാതെ വരാതിരിക്കാൻ വേണ്ടി തൊഴിലാളികളുടെ വേലസമയം കുറച്ചു് മററുള്ളവർക്കു വേല കൊടുക്കുന്നതിനും, തൊഴിലാളികൾ വേലയില്ലാത്ത കാലം വിദേശപര്യടനത്തിനും, മാനസോല്ലാസത്തിനും വേണ്ടി ചിലവാക്കാൻ അനുവദിക്കണമെന്നു സോഷ്യലിസ്റ്റുകൾ വാദിക്കുമ്പോൾ, ഗാന്ധിയൻമാൎഗ്ഗം ആവശ്യമുള്ളിടത്തുമാത്രം യന്ത്രസഹായം ഉപയോഗിച്ചും. അല്ലാത്തതു തൊഴിലാളികൾക്കു 9-10 മണിക്കൂർ വീതം വേല കൊടുത്തും കുടിൽവ്യവസായം വഴിയും ഗ്രാമോദ്ധാരണപരിശ്രമം നടത്താൻ ഉപദേശിക്കുന്നു.

(4) സോഷ്യലിസം നമ്മെ ലൗകികമായും, രാഷ്ട്രീയമായും, ജനസാമാന്യത്തിന്റെ പുരോഗതി ഉണ്ടാക്കാൻ പരിശ്രമിക്കുക എന്നു പഠിപ്പിക്കുമ്പോൾ ഗാന്ധിയൻമാർഗ്ഗം നമ്മെ ആത്മീയപുരോഗതിയിലേക്കു നയിക്കുന്നു.

---

"ഭ്രാതൃദയയെപ്പററി—അങ്ങനെയാണ് അതിനെ ഈയിടെയായി വിളിച്ചുവരുന്നതു്—ചില ജല്പനങ്ങൾ, പ്രസ്തുത ഭ്രാതൃദയയുടെ അഥവാ ദുർഭ്രാതൃത്തിന്റെ സാക്ഷാൽകാരത്തെപ്പററി ചില പ്രവചനങ്ങൾ, മുതലിനെക്കുറിച്ച് ചില ഉപരിപ്ലവപരാമർശനങ്ങൾ; നിസ്സഹായ തൊഴിലാളികളെക്കുറിച്ച്; തൊഴിലാളിസംഘടനയെക്കുറിച്ച്, ചിലദീനരോദനങ്ങൾ; അധഃസ്ഥിതവർഗ്ഗങ്ങളുടെ അധഃപതനത്തിനുവേണ്ടി ദയനീയങ്ങളായ ചില സംഘസ്ഥാപനങ്ങൾ; ഇവയോടെല്ലാം നഗ്നമായി ധനശാസ്ത്രത്തെക്കുറിച്ചും സാമൂഹ്യഗതികളെക്കുറിച്ചും ഉള്ള അപാരമായ അജ്ഞതയും!—ഇതാണ് പൂർവപക്ഷത്തിന്റെ ആകെക്കൂടിയുള്ള സാരസംഗ്രഹം. പോരെങ്കിൽ താത്വികമായി അതിന്റെ നിഷ്പക്ഷത—'ചിന്തയുടെ പരമനിർവ്വാണം' അതിന്റെ ജീവരക്തത്തെ തുള്ളി ശേഷിക്കാതെ വററിക്കുന്നു; അതിന്റെ ഓജസ്സിനെയും പ്രതികർഷണത്തെയും നിശ്ശേഷം നശിപ്പിക്കുന്നു."

ഫ്റഡറിക്ക് എൻജൽസ്

No: 5684

# അദ്ധ്യായം 3

ഐക്യത്തിനുള്ള ശ്രമം.

കാൺഗ്രസ് വാമപക്ഷമായ സി. എസ്. പി. യുടെ ശക്തിവർദ്ധിപ്പിച്ചു സംഘടനയെ വിപുലപ്പെടുത്തുന്നതിന് ജയപ്രകാശനാരായണൻ കമ്യൂണിസ്റ്റു കക്ഷികളെയും സോഷ്യലിസ്ററുപാർട്ടിയിൽ ചേക്കാൻ ഒരുങ്ങി. കമ്യൂണിസ്ററുപാർട്ടിയിൽ പ്രവത്തിച്ചിരുന്ന പലരും സോഷ്യലിസ്ററുപാർട്ടിയിൽ അംഗങ്ങളായി. അവരുടെ അംഗത്വം 1945 വരെ നീണ്ടുനിന്നു. 1945-ൽ അവരെ കാൺഗ്രസ്സിൽനിന്നു നിഷ്കാസനം ചെയ്തു. 1945-ലെ ബഹുജനപ്രക്ഷോഭണത്തിനെതിരുനിന്നു കോൺഗ്രസ്സിനെ കമ്യൂണിസ്ററുകാർ ഒററിക്കൊടുത്തു. 1945-ൽ നേതാക്കന്മാർ വെളിക്കുവന്നപ്പോൾ കമ്യൂണിസ്ററുപ്രവത്തകരായ കോൺഗ്രസ്സ് അംഗങ്ങളുടെപേരിൽ നടപടി എടുത്തു. ഈ നടപടിയും തുടർന്നുള്ള രാജിയും ചിലഭാഗങ്ങളിൽ കോൺഗ്രസ്സിൻെറ ശക്തിയും മററു ചിലേടങ്ങളിൽ കമ്യൂണിസ്ററുകാരുടെ ശക്തിയും ശിഥിലീഭവിക്കുന്നതിനിടയായി. 1936-ലെ സി. എസ്. പി. യുടെ പരിശ്രമഫലമായി ട്രേഡ് യൂണിയൻകോൺഗ്രസ്സ് കോൺഗ്രസ്സിനോടു ചേർന്നു. കോൺഗ്രസ്സ് വാമപക്ഷക്കാരെയും, ദക്ഷിണപക്ഷക്കാരെയും, കമ്യൂണിസ്ററുകാരെയും തമ്മിൽ യോജിപ്പിച്ചു ഒരൊററ കൊടക്കീഴിൽ കൊണ്ടുവരാൻ സി. എസ്. പി. പരിശ്രമിച്ചു. ട്രേഡ് യൂണിയനുമായുള്ള രഞ്ജകശ്രമം ആദ്യത്തെ 15 മാസക്കാലത്തേക്കു ഫലിച്ചില്ല. അതിൻെറ ചരിത്രത്തെപ്പററി യൂസഫ് മെഹറാലി പറയുന്നു:— "തൊഴിലാളി പ്രവത്തകർ

അന്ന് 10-ൽ 7-ം കാര്യബോധമില്ലാത്തവരായിരുന്നു. ദൃഢനിശ്ചയത്തോടൊന്നിച്ച ചുരുക്കം ചിലരൊഴിച്ച് എല്ലാവരും പിരിഞ്ഞുപോയി." പക്ഷെ 1938-ആയപ്പോഴേക്കും ഒരു സി. എസ്. പി. ക്കാരൻെറ അദ്ധ്യക്ഷതയിൽ ട്രേഡ്‌യൂണിയൻകോൺഗ്രസ്സ് ഒരു ഉറപ്പുള്ള സംഘടനയായി. അതിന് ഉപോൽബലകമായി നിന്ന വ്യവസ്ഥ ഇതാണ്. "കോൺഗ്രസ്സിൻെറ രാഷ്ട്രീയാവകാശവാദങ്ങളെ സോഷ്യലിസ്റ്റ് പാർട്ടി പിന്താങ്ങിയാൽ സി. എസ്. പി. യുടെ സാമ്പത്തികസ്ഥിതി കോൺഗ്രസ്സ കയ്യേററുകൊള്ളും."

കമ്യൂണിസ്റ്റുകാരുടെ ഉദ്ദേശം.

എന്നാൽ വാമപക്ഷത്തിൻെറ സംയോജനശ്രമം അതിൽത്തന്നെ പിളർപ്പുണ്ടാക്കി. സി. എസ്. പി-കമ്യൂണിസ്ററുപാർട്ടി രഞ്ജകശ്രമത്തിലൂടെ സാമ്രാജ്യശക്തിയെ എതിർക്കുന്നതിനുപകരം തമ്മിൽ ഒരു ബലപരീക്ഷണത്തിനാണ് കമ്യൂണിസ്ററുസഖാക്കൾ ഒരുങ്ങിയതു്. കമ്യൂണിസ്ററുകാർ കോൺഗ്രസ്സിൽ പ്രവേശിച്ചതിൻെറ ഉദ്ദേശം ശരിയായി മനസ്സിലായിത്തുടങ്ങി. കോൺഗ്രസ്സിനെയും സോഷ്യലിസ്ററുപാർട്ടിയേയും കമ്യൂണിസ്ററുകാർ ഒരു അട്ടിമറിയ്ക്കലിനാണ് പരിശ്രമിച്ചതു്. ആ വിദൂരലക്ഷ്യം പ്രവൃത്തിപഥത്തിൽ തെളിഞ്ഞു കണ്ടുതുടങ്ങി. രഞ്ജകശ്രമത്തിന് ആയുധമാക്കിയ ട്രേഡ്‌യൂണിയൻ കാൺഗ്രസ്സിൽ സെക്രട്ടറിസ്ഥാനങ്ങളിൽ രണ്ടു കമ്യൂണിസ്ററുകാരും, ഒരു റോയിക്കക്ഷിക്കാരനും, ഒരു സി. എസ. പി. ക്കാരനും ഉണ്ടായിരുന്നു. മാർക്സിയൻ സിദ്ധാന്തങ്ങളിൽ വിശ്വസിച്ചിരുന്ന ഈ മൂന്നു കൂട്ടരും തങ്ങളുടെ ആദർശലക്ഷ്യങ്ങൾ ശരിയെന്നു വാ

ദിച്ചു തുടങ്ങി. എങ്കിലും 1936-ൽ ഇവർ ഒരുമിച്ചു ബ്രിട്ടീഷ് സാമ്രാജ്യശക്തിയേയും, (ജർമ്മൻ— ഇററലി) ഫാസിസത്തെയും എതിർക്കാൻ ഒരു സംയുക്തസംവിധാനം നടത്തി. അവിടെയും കുറെ കഴിഞ്ഞപ്പോൾ കമ്യൂണിസ്ററുകളുടെ തുരങ്കപ്പണി മനസിലായി. ഇതിനെപ്പററി ശ്രീ ജയപ്രകാശ് പറയുന്നു. "തൊഴിലാളിപ്രസ്ഥാനത്തിൽ മററാക്കും കയ്യുംപങ്കുമുണ്ടായിരിക്കരുതെന്നു കമ്യൂണിസ്ററുകൾ പ്രസ്താവിക്കുന്നതായി എനിക്കു വിശ്വാസയോഗ്യമായ അറിവുണ്ടു്. 1937-ൽ പാററ്നായിൽവച്ചു് നടന്ന സി. എസ്. പി. യുടെ ഒരു സമ്മേളനത്തിൽ ഹാജരാക്കപ്പെട്ട കമ്യൂണിസ്ററുകാരുടെ ഒരു രഹസ്യ സർക്കുലറിൽ നിന്നു് അവരുടെ നയം ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇരുപാർട്ടിയും തമ്മിലുള്ള വിടവ് ഇതോടെ വർദ്ധിച്ചു. കമ്യൂണിസ്ററുപാർട്ടിയുടെ , ലക്ഷ്യപ്രാപ്തിക്കു് സി. എസ്. പി. ഒരായുധമാക്കാനാണു് ആ രഹസ്യസർക്കുലർവഴി പാർട്ടിപ്രവർത്തകർക്കു നിർദ്ദേശം നൽകിയിരുന്നതു്. ഈ ഇരുകക്ഷികളുംതമ്മിൽ 1939-ആയപ്പോഴേക്കും വളരെ അകന്നു. ലക്ഷ്യപ്രാപ്തിക്കു് അകൽച്ച വിഘാതമാകുന്നതു മനസ്സിലാക്കി കമ്യൂണിസ്ററു പെട്ടെന്നു വീണ്ടും അടുക്കാൻ ശ്രമിച്ചു. നമ്മുടെ ലക്ഷ്യവും, തത്വവും 'ഒന്നാണെന്നും നാം സംഘടിച്ചു നില്ക്കണമെന്നും പറഞ്ഞുനോക്കി. പക്ഷെ ആ സംയോജനശ്രമത്തെ സി. എസ്. പി. ക്കാർ വകവയ്ക്കുകയോ, അംഗീകരിക്കുകയോ ചെയ്തില്ല. സി. എസ്. പി. ഒററ തിരിഞ്ഞു തങ്ങളുടെ അഗ്നിപരീക്ഷണങ്ങൾക്കു മുതിർന്നു. സി. എസ്. പി. യെപ്പററി ദുരഭിപ്രായം കമ്യൂണിസ്ററുകാർ തൊഴിലാളികളെയും, കർഷകരെയും ധരിപ്പിക്കാനും തുടങ്ങി.

THE KOTTAYAM PUBLIC LIBRA... KOTTAYAM TRAV...

## ഗാന്ധിയൻവാദികളുടെ എതിർപ്പ്

ഈ സമയം സി. എസ്. പി-ക്ക് കോൺഗ്രസ്സിനോട്ട് ഒരു സമരം നടത്തേണ്ടിവന്നു. കോൺഗ്രസ്സ് അംഗത്വവും പരിശീലനവും ഉള്ള 5000-ത്തിലധികം അംഗങ്ങൾ സി. എസ്. പി-യിൽ പ്രവർത്തിച്ചിരുന്നു. ഇവർ പ്രവർത്തകർമാത്രമാണ്. അനുഭാവികളും, ഇവർ നയിക്കുന്ന തൊഴിലാളികർഷകസംഘടനകളും ഇതിൽ ഉൾപ്പെടുന്നില്ല. വർദ്ധിച്ചുവരുന്ന ഇവരുടെ ശക്തിയോട്ട് കാൺഗ്രസ്സിലെ വലതുപക്ഷക്കാരുടെ എതിർപ്പും വർദ്ധിച്ചുതുടങ്ങി. സി. എസ് പി-യിലെ ഓരോ വ്യക്തിക്കും സ്വരാജിൻെറ പൂർണ്ണമായ അർത്ഥം—വ്യക്തിസ്വാതന്ത്ര്യമുള്ള സ്വരാജ്—അറിയാമായിരുന്നെങ്കിലും മഹാത്മജിയുടെ നേതൃത്വത്തെ അവഹേളിക്കാൻ അവക്കു സമ്മതമില്ലായിരുന്നു. എന്നാൽ മഹാത്മജിയുടെ നയത്തെ അവർ വിമർശിച്ചുമിരുന്നു. കർഷകരുടെയും തൊഴിലാളികളുടെയും ഇടയിൽ സി. എസ്. പി-ക്കുണ്ടായിരുന്ന സ്വാധീനശക്തിയാൽ വലതുപക്ഷക്കാർക്കു ഇടതുപക്ഷക്കാരായ സി. എസ്. പി-ക്കാരെ അവഹേളിക്കുകയെന്നുള്ളതും വിഷമമായി.

കിസാൻ സഭകൾ മുഖേന ഗ്രാമീണരുടെയിടയിൽ രാഷ്ട്രീയബോധം വളർത്തിയ സി. എസ്. പി. സെമിന്ദാരിസമ്പ്രദായത്തെ എതിർക്കുക, കൃഷിക്കാർക്കു ഗവമ്മെൻറു പ്രോത്സാഹനം നേടുക ഇപ്രകാരമുള്ള പരിപാടികളെ സ്പർശിക്കുന്ന കോൺഗ്രസ് വർക്കിംഗ് കമ്മററിയിലെ മൂന്നു സി. എസ്. പി. മെമ്പറന്മാരുടെയും നിർദ്ദേശങ്ങൾ വലതുപക്ഷക്കാർ തള്ളിയെങ്കിലും അതിരൂക്ഷമല്ലാത്ത പ്രമേയങ്ങൾ അനുവദിച്ചു. ബ്രിട്ടീഷുകാരോടെതിർക്കാൻ ഗാന്ധിജിയുടെ

അക്രമരാഹിത്യസിദ്ധാന്തം അപര്യാപ്തമെന്നവർ വിശ്വസിച്ചിരുന്നെങ്കിലും, എല്ലാക്കാര്യങ്ങളിലും അവർ അച്ചടക്കം പാലിച്ചുപോന്നു.

ഇന്നത്തെ നിലയ്ക്കു് അക്രമരാഹിത്യം ഒരു നയം മാത്രമായി സ്വീകരിക്കാമെന്നു ശ്രീ ജയപ്രകാശനും കൂട്ടരും വിശ്വസിച്ചിരുന്നു. എങ്കിലും 1942-ൽ ആ അച്ചടക്കനയം ഫലപ്രദമാവില്ലെന്നുകണ്ടു് അക്രമരാഹിത്യത്തെ സി. എസ്. പി. നിഷേധിക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യപ്രക്ഷോഭണത്തിനു് അവർ മറെറാരു മൂല്യം സങ്കല്പിക്കുകയും ചെയ്തു.

---

> "സ്വത്തു് സ്വകാര്യഉടമയിൽനിന്നു നീക്കുന്നതുവരെ നീതിക്കും ന്യായത്തിനും അനുസരിച്ചു പദാർത്ഥങ്ങൾ വിതരണം ചെയ്യുവാനോ, ലോകം യോഗക്ഷേമത്തോടുകൂടി ഭരിക്കുവാനോ സാദ്ധ്യമല്ലെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു."
>
> തോമസ് മൂർ.

---

# അദ്ധ്യായം 4

## 1938-ൽ

സോഷ്യലിസ്റ്റ് പാർട്ടിയുടെ ബലമോ; കോൺഗ്രസ്സിൽനിന്നു സി. എസ്സ്. പി-ക്കാരുൾപ്പെട്ട വലതുപക്ഷക്കാർ ഭിന്നിച്ചുനിന്നാലുള്ള വിഷമതയോ ആദ്യമായി ഇന്ത്യൻനാഷനൽ കോൺഗ്രസ്സിനു മനസ്സി

ലായതു് 1938-ലാണു്; യുവാക്കന്മാരുടെ നേതാവായ സുബാഷ് ചന്ദ്രബോസും, വലതുപക്ഷകക്ഷിയുടെ പ്രതിനിധിയായി പട്ടാഭിസീതാരാമയ്യായും രാഷ്ട്രപതിസ്ഥാനത്തിനു് 1938-ൽ മത്സരിച്ചു. പട്ടാഭിക്കുവേണ്ടി പട്ടേൽ പന്മാറുകയും "പട്ടാഭിയുടെ പരാജയം തന്റെ പരാജയമായിക്കരുതു"മെന്നു- മഹാത്മജി പറയുകയും ചെയ്തു. എന്നിട്ടും ബോസ് പട്ടാഭിക്കുവേണ്ടി പിൻമാറുകയോ, കോൺഗ്രസിൽ കക്ഷിഭിന്നതയുണ്ടെന്നു് അറിയിക്കാതിരിക്കാനോ ശ്രമിച്ചില്ല: വാശിയോടെ വോട്ടിങ്ങു നടന്നു. രാഷ്ട്രപതിയായി സുഭാഷ്ബാബു തിരഞ്ഞെടുക്കപ്പെട്ടു. ബാപ്പുജിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും ഇതൊരടിയായിരുന്നു. ഇടതുപക്ഷക്കാരായ സോഷ്യലിസ്റ്റ്പാർട്ടിക്കാരും, പിന്നീടു ഫോർവേഡ്ബ്ളോക്കു രൂപീകരിച്ചു പ്രവർത്തിച്ച ബോസിന്റെ ആരാധകരും ഒരുമിച്ചുനിന്നതിന്റെ ഫലമായിരുന്നു അതു്. ഇതോടെ ഗാന്ധിയൻവാദികൾക്കും ലോകസമക്ഷം തന്നെയും യുവഭാരതത്തിന്റെ ഗാന്ധിയൻതത്വങ്ങളോടുള്ള എതിർപ്പ് ബോദ്ധ്യമാക്കികൊടുത്തു.

## വീണ്ടും ജയിലിൽ

1939-ൽ ജയപ്രകാശ് യുദ്ധപരിതഃസ്ഥിതിയെ പരിഗണിച്ചു ഡിഫൻസ് ആക്റ്റിൻ (പരിരക്ഷണചട്ടം) പ്രകാരം അറസ്റ്റുചെയ്യപ്പെട്ടു. ഒരു ഫാസിസ്റ്റ്വിരോധിയായ ജയപ്രകാശനെ അറസ്റ്റുചെയ്തതിൽ മഹാത്മജിപോലും പ്രതിഷേധിച്ചു. നാടെങ്ങും പ്രതിഷേധയോഗങ്ങൾ കൂടി. കോൺഗ്രസിന്റെ രാമഗഢ് സെഷൻ സമ്മേളനം നടക്കുന്നതിനു കുറച്ചുദിവസങ്ങൾക്കു മുമ്പാണു് അറസ്റ്റും ചെയ്യപ്പെട്ടതു്. ഇന്നത്തെ യുദ്ധം ഒരു സാമ്രാജ്യത്വയുദ്ധമാ

ണെന്നും ജനകീയപുരോഗതിക്കു് ഈ യുദ്ധം പശ്ചാത്തമല്ലെന്നും, ഇക്കാരണത്താൽ ബ്രിട്ടീഷുകാരുടെ നയത്തെ നാം എതിർക്കണമെന്നും ജയപ്രകാശൻ ഒരു പ്രകടനപത്രിക തയ്യാറാക്കി. ഇതാണു് അറസ്റ്റിനു കാരണം. യുദ്ധവിരുദ്ധപ്രചരണപരമായി ജാംഷെഡ്പൂരിൽ കൂടിയ സമ്മേളനത്തിലെ ജയപ്രകാശൻെറ പ്രസംഗവും അറസ്റ്റിൻെറ കാരണമായി പ്രസ്താവിച്ചിരുന്നു. തൻെറ ആശയത്തിൻെറ പൂർണ്ണരൂപം അദ്ദേഹം കോർട്ടിൽ മൊഴികൊടുത്തു. ജയപ്രകാശനെ അന്നു് ഒരു കൊല്ലം കഠിനതടവിനു ശിക്ഷിച്ചു.

കുറച്ചുനാളുകൾക്കു ശേഷം ജയപ്രകാശ് മോചിപ്പിക്കപ്പെട്ടു. പ്രവർത്തനചാതുരി കണ്ടു ജയപ്രകാശനെ രാജ്യരക്ഷാനിയമപ്രകാരം അറസ്റ്റു ചെയ്തു ദേയാലിക്കോട്ടയിൽ തടങ്കലിൽ പാർപ്പിച്ചു.

1940-ൽ മഹാത്മജിയുടെ വ്യക്തിഗതസത്യാഗ്രഹത്തെ എതിർത്തു. ബഹുജനവിപ്ലവത്തിൽ വിശ്വസിക്കുന്നവർ ഗാന്ധിജിയുടെ വ്യക്തിഗതപ്രസ്ഥാനത്തോടെതിർക്കാതെ നിവൃത്തിയില്ലെന്നും, അതുകൊണ്ടു് ആ പ്രസ്ഥാനത്തോടുള്ള എതിർപ്പായി താൻ നിരാഹാരവ്രതം അനുഷ്ഠിക്കാൻ തീരുമാനിക്കുന്നെന്നും ജയപ്രകാശൻ പ്രസ്താവിച്ചു. ഈ നിരാഹാരവ്രതം മുപ്പതു ദിവസം നീണ്ടുനിന്നു. ആരോഗ്യം നശിച്ചതുകൊണ്ടു നിരാഹാരവ്രതം നിറുത്തി. തുടർന്നു് ഹസാരിബാഗിലേക്കു ജയപ്രകാശനെ മാററി. ഗാന്ധിസത്തെപ്പററിയുള്ള ജയപ്രകാശൻെറ അഭിപ്രായം ശ്രദ്ധേയമാണു്. "ആദർശശുദ്ധിയുള്ള ഒരു പരിപാടിയാണു് ഗാന്ധിയൻ സിദ്ധാന്തങ്ങളിലടങ്ങിയിട്ടുള്ളതെങ്കിലും അതു് ആപല്ക്കരം കൂടിയാണു്. സമുദായ ദൂഷ്യങ്ങളെ അകററാൻ ഗാന്ധിയൻസിദ്ധാന്തങ്ങൾ ശ്രമിക്കുന്നു. എ

നാൽ അവ വിപത്തുണ്ടാക്കിവയ്ക്കുകയും ചെയ്യും. സമുദായദൂഷ്യങ്ങളെ അകററാൻ ഗാന്ധിയൻ സിദ്ധാന്തങ്ങളാൽ സാധിക്കുമെന്നു ജനങ്ങൾ തെററിദ്ധരിപ്പിക്കപ്പെടുന്നു." ദേവലിജയിലിൽ ജയപ്രകാശനു് ചില കമ്യൂണിസ്റ്റ് സഖാക്കളും കൂട്ടുതടവുകാരായുണ്ടായിരുന്നു. ഇവരുടെ കൂട്ടുകെട്ടിൽനിന്നു് ഇൻററർ നാഷണൽസോഷ്യലിസവും ഇന്ത്യൻ സോഷ്യലിസവും തമ്മിലുള്ള വ്യത്യാസവും തന്മൂലം ഇന്ത്യയിൽ കമ്മ്യൂണിസത്തിനു വന്നുകൂടുന്ന പരാജയത്തെപ്പററിയുള്ള ബോധവും അദ്ദേഹത്തിനുണ്ടായി.

## 1942-ൽ

1942-ൽ ബോംബെയിൽവച്ചു് ഏ. ഐ. സി. സി. "ക്വിററിൻഡ്യാ" പ്രമേയം പാസാക്കി. ആഗസ്റ്റ് 9-ാംനു മുതൽ വിപ്ളവം ആരംഭിച്ചു. ശ്രീ അച്യുത് പട്ട്വർദ്ധനനും, ശ്രീമതി അരുണാ ആസഫാലിയും വിദഗ്ദ്ധനേതൃത്വം വഹിച്ചു നിഗൂഢ പ്രവർത്തനം വിജയകരമായി പുരോഗമിക്കയായിരുന്നു. വെളിയിൽ നടക്കുന്ന വിവരങ്ങളെപ്പററി ജയപ്രകാശനു രഹസ്യക്കത്തുകൾ മുഖേന അറിവു കിട്ടിക്കൊണ്ടിരുന്നു. അലഹബാദിൽ മൂന്നുമാസം നീണ്ടുനിന്ന ഒരു പണിമുടക്കു നടന്നു. 17 ദിവസം ജാംഷെഡ്പൂരിലും മററു പല സ്ഥലങ്ങളിലും സർവവിധ പണികളും മുടക്കി. വിദ്യാത്ഥികളും തൊഴിലാളികളും പലദിവസങ്ങൾ പണിമുടക്കി. ബോംബെ, സി. പി. ബിഹാർ ഈ സംസ്ഥാനങ്ങൾ ഇവയെല്ലാം നേതൃത്വം വഹിച്ചു, മേലിലും തുറുങ്കിൽ കഴിച്ചുകൂട്ടുന്നതു പന്തിയല്ലെന്നു് അദ്ദേഹം തീരുമാനിച്ചു. നവമ്പർ 8-ാംനു രാത്രി ദീപാവലിയായിരുന്നു. മഹാലയഅമാവാസിയുടെ തലേന്നാളത്തെ ഇരുട്ട് സുപ്രസിദ്ധവുമാണല്ലോ.

ജയിലധികൃതന്മാർ ദീപാവലി ആഘോഷങ്ങളിൽ പങ്കെടുക്കാൻപോയി. കാവല്ക്കാർ സുന്ദരസ്വപ്നങ്ങൾ കൊണ്ടു ദീപാവലി ആഘോഷിക്കയായിരുന്നു. ആ രാത്രി ജയപ്രകാശ് ഹസാരിബാഗ് ജയിലിൽനിന്നു രക്ഷപെട്ടു. അദ്ദേഹത്തിന്റെ കൂടെ ശ്രീ രാമാനന്ദമിശ്ര, സഖാവു സൂര്യനാരായണസിൻഹാ, ശ്രീ യോഗേന്ദ്രശുക്ല എന്നിവരും ഉണ്ടായിരുന്നു. നേരത്തെ നിശ്ചയിച്ചുവച്ചിരുന്ന തീരുമാനമനുസരിച്ചു കോട്ടയ്ക്കു മുകളിൽ തങ്ങളുടെ ദോത്തി എറിഞ്ഞു പിടിപ്പിച്ചു ബലപ്പെടുത്തി അതുവഴി കയറി രക്ഷപ്പെടുകയാണുണ്ടായതു്. ജയിലിനു വെളിയിൽ കൂട്ടുപ്രവത്തകർ ചിലർ കാവൽനിന്നിരുന്നു. അവരുടെ സഹായത്തോടെ തടവുചാടിയവർ രക്ഷപ്പെട്ടു. തുടന്നു് ആഗസ്റ്റ് വിപ്ളവത്തിന്റെ നേതൃത്വം ജയപ്രകാശൻ ഏറെറടുത്തു. നേപാളത്തു് ജയപ്രകാശൻ ഒരു ഗൂഢസങ്കേതം ഏർപ്പെടുത്തി. അവിടെയാണു് വിപ്ളവനേതാക്കന്മാർ പതിവായി സമ്മേളിച്ചുകൊണ്ടിരുന്നതു്.

മൂന്നുദിവസം കഴിഞ്ഞാണു് ജയിലധികൃതർ ജയപ്രകാശന്റെ തിരോധാനത്തെപ്പററി അറിഞ്ഞതു്. നവംബർ ആറാംതീയതി കേന്ദ്രഗവമ്മെൻറിന്റെ പരിശോധനകഴിഞ്ഞുവന്ന ചില കത്തുകൾ നൽകാൻ ജയപ്രകാശിനെ അന്വേഷിച്ചപ്പോഴാണു് അദ്ദേഹം ഹസാരിബാഗ് ജയിലിൽനിന്നു രക്ഷപ്പെട്ട വിവരം മനസ്സിലായതു്. കൂടുതൽ അന്വേഷണത്തിന്റെ ഫലമായി കൂടെ മററു മൂന്നുപേർകൂടി പോയിട്ടുണ്ടെന്നും അറിഞ്ഞു. ജയപ്രകാശനെ പിടിച്ചുകൊടുക്കുന്നവക്കു് 5000 ക. ഇനാം നൽകുമെന്നു് ബ്രിട്ടീഷ് ഗവമ്മെൻറു പ്രഖ്യാപിച്ചു. ആ തുക വീണ്ടും വർദ്ധിച്ചു് 10000 രൂപായായി. രണ്ടു തുറന്ന കത്തുകളെഴുതി യുവഭാരതത്തിന്റെ പ്രവൃത്തിപഥം അദ്ദേഹം വ്യക്തമാക്കി.

ലാഹോർ കോട്ടയിൽ

ആഗസ്റ്റ് വിപ്ളവത്തിൻെറ പരിണതഫലം പരാജയമായിരുന്നല്ലൊ. അതിനു കാരണക്കാർ ഇന്ത്യയിലെ കമ്യൂണിസ്ററുകാരായിരുന്നു. ജനമദ്ധ്യത്തിൽ സി. എസ്. പി. യ്ക്കും തൻമൂലം കോൺഗ്രസ്സുകാർക്കുമുള്ള സ്ഥാനം ഇല്ലാതാക്കുന്നതു് തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു് ആവശ്യമെന്നു് അവർ കരുതി. അതിനുവേണ്ടി അവർ കോൺഗ്രസ്സ് പ്രവർത്തനങ്ങളെ അപലപിച്ചു. സി. എസ്. പി ക്കാരെ രാജദ്രോഹികളും, രാജ്യദ്രോഹികളുമായി ചിത്രീകരിച്ചു. സി. എസ്. പിയുടെ ഗൂഢപ്രവർത്തനങ്ങൾ ഗവമ്മെണ്ടുകൾക്കു് ഒററിക്കൊടുക്കുകയും ചെയ്തു. ഇതിനു കമ്യൂണിസ്ററുകാർ പറയുന്ന സമാധാനം റഷ്യയും ബ്രിട്ടനുമായി ഇക്കാലഘട്ടത്തിൽ സന്ധിയിൽ ആയിരുന്നു എന്നുള്ളതും ബ്രിട്ടീഷ് പാർലമെൻറു ഒരു കമ്യൂണിസ്ററു മന്ത്രിസഭയിൻ കീഴിൽ വരുമ്പോൾ ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടുമെന്നുമായിരുന്നു. പക്ഷെ, തൊഴിലാളികക്ഷിക്കാർ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇംഗ്ലണ്ടിൽ ജയിച്ചിട്ടും നമുക്കാരും ഒന്നും തന്നില്ല. ഏതായാലും അവരുടെ ഒററിക്കൊടുക്കൽ കണക്കിനു ഫലിച്ചു. സി. എസ്. പി. ക്കാരുടെ 42-ലെ വിപ്ളവം ക്രമേണ നിലച്ചു. ഗൂഢജീവിതകാലത്തു് ഒരിക്കൽ ജയപ്രകാശൻ പഞ്ചാബിൽ ഒരു ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ 1943 ഡിസംബറിൽ അറസ്ററു ചെയ്യപ്പെട്ടു. ഇത്തവണ അദ്ദേഹത്തെ കേന്ദ്രഗവമ്മെണ്ടിൻെറ വാറണ്ടനുസരിച്ചാണറസ്ററു ചെയ്തതു്. അവിടത്തെ അധികാരികൾ ജയപ്രകാശനോടു് മനുഷ്യത്വത്തിൻെറ കണികപോലും ഇല്ലാതെയാണു് പെരുമാറിയതു്. ദിവസം 14-15 മണിക്കൂർസമയം സി. ഐ. ഡി. ക്കാർ ദേ

ധോപദ്രവം ഏൽപിച്ചു. പക്ഷെ, അവയെല്ലാം വിഫലമാക്കുകയാണുണ്ടായതു്. ബ്രിട്ടീഷ് അധികാരികളെ പിടികൊടുക്കാതെ അമ്പരപ്പിച്ച അച്യുതിനെയും, അരുണയേയുംപോലെ ജയപ്രകാശും അറിയാവുന്ന ചരിത്രങ്ങൾ മരണത്തിൻെറയും വേദനയുടെയും അതിരൂക്ഷാവസ്ഥയിൽപോലും പുറത്തുവിടാതെ സി. ഐ. ഡി. ക്കാരെ വിഷമിപ്പിച്ചു.

## മോചനം

"മറക്കാനരുതാത്തു മറന്നും ക്ഷമിക്കാനരുതാത്തു ക്ഷമിച്ചും ഒത്തൊരുമിച്ചു പ്രവൃത്തിക്കാം"മെന്നു പറഞ്ഞു വേവൽപ്രഭു 1945 മേയ് 16-ാംനു ഇന്ത്യൻ നേതാക്കന്മാരെയെല്ലാം മോചിപ്പിച്ചിട്ടും ജയപ്രകാശനേയും റാംമനോഹർ ലോഹിയായേയും, ഫോർവേർഡ് ബ്ളോക്ക് നേതാവു് ശ്രീ സർദാർ ശാർദൂലസിംഗ് കവീശ്വറിനേയും അവർ മോചിപ്പിച്ചില്ല. അവർ ബ്രിട്ടീഷ് ഗവമ്മെൻറിൻെറ പ്രത്യേക അഥിതികളായിരുന്നു. ക്യാബിനറ്റുമിഷ്യൻ ഇന്ത്യയിൽ വന്ന ഘട്ടത്തിൽ മഹാത്മജിയുടെ പ്രത്യേകശുപാർശപ്രകാരം സർദാർ കവീശ്വറിനെയും, തുടൻ ജയപ്രകാശനെയും ഡോക്ടർ ലോഹിയായേയും ആഗ്രാ ജയലിൽനിന്നു് 1945 ഏപ്രിൽ 11-ാംനു ആണു് മോചിപ്പിച്ചതു്.

## പൊതുവിവരണം

ജയപ്രകാശൻെറ ദരിദ്രജനാനുകമ്പ, കർമ്മകുശലത, പ്രവൃത്തിസ്ഥൈര്യം ഈ ഗുണങ്ങൾ അദ്ദേഹത്തെ യുവഭാരതത്തിൻെറ നേതാവാക്കിത്തീർത്തു ശ്രീ അച്യുതും, ശ്രീമതി അരുണയും, വീറോടുകൂടിയ വാഗ്ധാടികൊണ്ടു് ആളുകളെ ഇളക്കിവിടുന്ന പ്രസംഗകരാണെങ്കിൽ ജയപ്രകാശും ലോഹിയായും സന്ദേഹിച്ചു

നിൽക്കുന്ന സാധാരണക്കാരെ പ്രചോദനംകൊണ്ടു സമരഭൂമിയിലേയ്ക്കു് ആനയിക്കുന്ന നേതാക്കന്മാരാണു്. ഇവരിൽ നാലുപേരിലും ആണു് ഇന്നു് സോഷ്യലിസ്റ്റുകക്ഷിയുടെ ഭരണചക്രം കറങ്ങുന്നതു്. ഇവരെല്ലാവരും വിശ്വസിക്കുന്നതു് ബ്രിട്ടനെ ഇന്ത്യയിൽനിന്നു് കെട്ടുകെട്ടിക്കാൻ ആസന്നഭാവിയിൽ ഒരു വിപ്ളവം വേണമെന്നാണു്. അടുത്തകാലത്തു് ബനാറീസിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ "ഹിന്ദുക്കൾ ഇന്നു് ആസന്നമായിരിക്കുന്ന ഒരു വിപ്ളവത്തിനു തയാറായിരിക്കയാണു്. മുസ്ളീങ്ങളുംകൂടി ഒന്നു യോജിച്ചുവന്നാൽ മതി എന്നു ശ്രീ ജയപ്രകാശൻ പ്രസ്താവിക്കയുണ്ടായി. അവിടെവച്ചുതന്നെ മറെറാരുയോഗത്തിൽ പ്രാസംഗികനുമായ ശ്രീ ജയപ്രകാശൻ "ആസന്നമായ വിപ്ളവത്തിനു ജനങ്ങൾ സന്നദ്ധരാകുവിൻ കഴിയുന്നത്ര സാധനസാമഗ്രികൾ നാം ശേഖരിപ്പിൻ. സാമ്രാജ്യശക്തിയോടു യുദ്ധത്തിനു പോകുന്നവരെ അമ്മമാരും തിലകം തൊടുവിച്ചനുഗ്രഹിച്ചു് പടക്കളത്തിലേക്കു പറഞ്ഞയക്കുവിൻ" എന്നാണു പറയുകയുണ്ടായതു്.

1946 ജൂണിൽ ബോംബെയിൽവച്ചുകൂടിയ എ. ഐ. സി. സി യോഗത്തിൽവച്ചു് ജയപ്രകാശനെ പ്രവർത്തക സമിതിയിലേക്കു തെരഞ്ഞെടുത്തു. പക്ഷെ കാൺഗ്രസ്സിൻെറ പ്രവർത്തനപരിപാടി ഹിതപ്പെടാതെ ജയപ്രകാശു് ഡിസമ്പർ 11-ാംനു രാജിവക്കുകയും ചെയ്തു. കൂട്ടത്തിൽ മറെറാരു സോഷ്യലിസ്ററുകാരിയായ ശ്രീ കമലാദേവി ചതോപാദ്ധ്യായയും പ്രവർത്തകസമിതിയിൽനിന്നും രാജിവച്ചു. സെപ്റ്റംബർ 2-ാംനു ഭരണം കൈയ്യേറെറടുത്ത ഇടക്കാല ഗവമ്മെൻണ്ടുപോലും പ്രതിലോമവാദികളായ കാൺഗ്രസ്സുകാരുടെ ഒരു പരാജയമാണെന്നും, നയതന്ത്രപടുക്കളായ ബ്രിട്ടീഷു

കാരുടെ ഒരു രാജ്യതന്ത്രനേട്ടമാണെന്നും ആണ് ജയപ്ര കാശനും കൂട്ടരും വിശ്വസിക്കുന്നത്.

വ്യവസായശാലകളിലെ തൊഴിലാളികളെയും, ഗ്രാമപ്രദേശങ്ങളിലെ കർഷകരെയും ദേശീയ പ്രബുദ്ധ രാക്കി സംഘടിപ്പിച്ചു വിദ്യാർത്ഥികളും ഉൾപ്പെട്ട ഒരു ഐക്യമുന്നണി തയ്യാറാക്കുന്നതിനു അവർ യുവഭാരത ത്തിലെ ജനങ്ങളോടുപദേശിക്കുന്നു. സാധാരണജനങ്ങ ളുടേയും സംഘടിത യുവാക്കന്മാരുടെയും ഐക്യത്തി ലേ സ്വാതന്ത്ര്യഭാരതം ഉത്ഥാനംചെയ്യുന്നതായി ജയപ്ര കാശനും കൂട്ടരും കാണുന്നുള്ളു.

---

"ഇന്നത്തെ വിദേശീയഗവർമ്മെൻറിൻെറ സ്ഥാനം ഒരു സ്വദേശിഗവർമ്മെൻറ് കൈക്കലാക്കി, നിലവിലുള്ള സ്ഥാപിത താല്പര്യങ്ങളെ അതേപടി സംരക്ഷിക്കുക യാണെങ്കിൽ, അതു് സ്വാതന്ത്ര്യത്തിൻെറ നിഴൽപോലുമാവുകയില്ല."

പണ്ഡിററ് ജവഹരിലാൽനെഹ്രു.

---

# അദ്ധ്യായം 5.

## സോഷ്യലിസത്തെപ്പററി

അടുത്തകാലത്തു് സോഷ്യലിസത്തെപ്പററി "ഞാൻ കാണുന്ന സോഷ്യലിസം" എന്ന ശീർഷക ത്തിൽ ജയപ്രകാശൻ "ജനത" യിൽ പ്രസിദ്ധപ്പെട്ട

ത്തിയ ഒരു ലേഖനത്തിൻെറ ചില ഭാഗങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്.

"മാർക്സിസം ഒരു സമുദായശാസ്ത്രമാണ്. ഒരു സാമുദായികവിപ്ളവത്തെ ഉൾക്കൊള്ളുന്ന സാമൂഹ്യവ്യതിയാനത്തിനുവേണ്ടിയുള്ള ഒരു ശാസ്ത്രീയപദ്ധതിയും കൂടിയാണ് അതു്. അതിനാൽ മതത്തിൻെറ അധികാരം പൂരണ്ട അടിച്ചേല്പിക്കലിനോ അന്ധമായ യാഥാസ്ഥിതികത്വത്തിനോ മാർക്സിസത്തിൽ സ്ഥാനമില്ല. മാർക്സിസത്തെ ശാസ്ത്രീയമെന്നു വിളിക്കാം. അതേസമയംതന്നെ അതിൽ മതപരമായ ഒരു അടിച്ചേല്പിക്കൽ ഉൾപ്പെടുത്തുകയും ചെയ്യുന്നവർ ഒരു വലിയ ദോഷമാണ് വരുത്തിക്കൂട്ടുന്നതു്. അവസാനംവരെ സത്യമായിരിക്കുന്ന ഒരു തത്വം ശാസ്ത്രത്തിലില്ല.

ഒരു സോഷ്യലിസ്റ്റു സമുദായസൃഷ്ടിയിൽ പരിവർത്തനഘട്ടം, സോഷ്യലിസസംസ്ഥാപനാനന്തരഘട്ടം എന്നിങ്ങനെ രണ്ടു ഘട്ടങ്ങളുണ്ടു്. പരിവർത്തനകാലഘട്ടത്തിൻെറ സ്വഭാവം നിർണ്ണയിക്കേണ്ടതു് ഇന്നത്തെസ്ഥിതിഗതികളും സോഷ്യലിസത്തിൻെറ അവസാനചിത്രവും മുന്നിൽവച്ചുകൊണ്ടാണ്.

സോഷ്യലിസത്തിൻെറ ലക്ഷ്യങ്ങൾ.

ദാരിദ്ര്യവും ചൂഷണവും അവസാനിപ്പിക്കുക സ്വയം വികസനത്തിനു് എല്ലാവർക്കും തുല്യസന്ദർഭങ്ങൾ വ്യവസ്ഥചെയ്യുക. സമുദായത്തിൻെറ സാന്മാർഗ്ഗിക ഭൗതികവിഭവങ്ങളെ വികസിപ്പിച്ചു്, വ്യക്തിപരമാ

യ ലാഭത്തിൻെറ ആജ്ഞക്കനുസരമായല്ലാതെ സമസ്തമായ സമുദായത്തിൻെറ ആവശ്യങ്ങൾക്കും, ആഗ്രഹങ്ങൾക്കും അനുസരണമായി അവയെ ഉപയോഗിക്കുക.

ദേശീയസ്വത്തും, സാമൂഹ്യവും വിദ്യാഭ്യാസപരവും മററുമായ ഉദ്യോഗങ്ങളും സമുദായത്തെ സേവിക്കുകയും പണിയെടുക്കുകയും ചെയ്യുന്നവക്ക് സമമായി വിഭജിക്കുക, ഇവയാണു് സോഷ്യലിസത്തിൻെറ ലക്ഷ്യങ്ങൾ.

## ജീവിതപ്രധാനമായ പരിവത്തനങ്ങൾ.

ഈ ലക്ഷ്യങ്ങൾ നേടുവാൻ നിലവിലിരിക്കുന്ന സമുദായത്തിൽ ഏതാനും ജീവൽപ്രധാനങ്ങളായ പരിവത്തനങ്ങൾ വരുത്തിയെങ്കിൽ മാത്രമേ സാദ്ധ്യമാകൂ എന്നു ഞാൻ വിശ്വസിക്കുന്നു. ഭാവി സമുദായത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവും ആയ ഘടനം താഴെ വിവരിക്കുന്ന അടിസ്ഥാനതത്വങ്ങളാൽ അധിഷ്ഠിതമായിരിക്കണം. ഇതിനാദ്യമായി വേണ്ടതു് ഇന്ത്യ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നും വേർപെട്ടു് ഒരു സ്വതന്ത്രരാഷ്ട്രമായിതീരുക എന്നതാണു്. രണ്ടാമതായി പ്രത്യേക അവകാശങ്ങൾ അനുഭവിക്കുന്ന സാമ്പത്തികമോ, രാഷ്ട്രീയമോ, ആയ ഒരു വർഗ്ഗം ഇന്നത്തെപ്പോലെ ഉണ്ടായിരിക്കരുതു്. രണ്ടാമതു പറഞ്ഞ സംഗതിയിൽ ജെമിന്ദാരന്മാരെയുംമററും കൊണ്ടു് സാമ്പത്തികവും, രാഷ്ട്രീയവുമായ അവർക്കുള്ള അധികാരങ്ങൾ താഴെ വയ്പിക്കണം. ഇന്ത്യയിലെ ബ്രിട്ടീഷ്രാജ് തകക്കാനുള്ള കരുത്തു് ഇന്ത്യക്കാർക്കുണ്ടെ

ന്നുവന്നാൽ പിന്നെ മുതലാളിത്തത്തെയും ജന്മികുടിയാൻ സമ്പ്രദായത്തെയും അവർ ആഗ്രഹിക്കുന്നെങ്കിൽ നശിപ്പിക്കാൻ വിഷമമില്ല. അതിനെ പരിമിതമാക്കുന്ന ഏകഹേതു ജനമദ്ധ്യത്തിൽ രാഷ്ട്രീയബോധം പൂർണ്ണവളർച്ച പ്രാപിക്കുന്നതിനുള്ള താമസം മാത്രമാണ്. ശരിയായ മാർഗ്ഗത്തിൽക്കൂടി നയിക്കത്തക്കവണ്ണം സോഷ്യലിസ്ററ് പ്രസ്ഥാനം ശക്തമായിത്തീന്നാൽ വലിയപ്രയാസങ്ങളും എതിരും കൂടാതെ ഈ എല്ലാ പ്രവൃത്തനങ്ങളും സാധിക്കുവാൻ കഴിയും. മുതലാളിത്തത്തെ നശിപ്പിക്കുകയെന്നത് സോഷ്യലിസത്തിലേക്കുള്ള ഒരു പ്രധാനപടിയാണെങ്കിലും മുതലാളിത്തത്തിൻെറ സ്ഥാനത്ത് മറെറന്താണു വരുന്നതെന്നും ചിന്തിക്കേണ്ടതുണ്ട്.

## കൃഷിയെപ്പററി

സോഷ്യലിസ്റ്റു രീതിയിലുള്ള കാർഷികവ്യവസ്ഥിതി കെട്ടിപ്പടുക്കുമ്പോൾ സഹകരണഘട്ടം, സാമൂഹ്യഘട്ടം എന്നീ രണ്ടു ഘട്ടങ്ങളിൽ കൂടി കടന്നുപോകണം. സഹകരണഘട്ടത്തിൽ ജെമിന്ദാരിസംമ്പ്രദായം ഇല്ലാതാക്കിയതിനുശേഷം വലിയ ഭൂസ്വത്തുടമകൾ ചുരുക്കിപ്പിക്കുവാനും ചെറിയ ഉടമകൾ കൂടുതൽ സാമ്പത്തികമാക്കുവാനും വേണ്ടി ഭൂമിയുടെ ഒരു പുനർവിതരണം ഉണ്ടായിരിക്കും. ഒരു കർഷകനും ഒരു ക്ളിപ്ത അളവിൽ കൂടുതൽ ഭൂമിയുണ്ടായിരിക്കയില്ല. തൽക്കാലം മുപ്പതു് ഏക്കറിൽ കൂടുതലും അഞ്ചു് ഏക്കറിൽ കുറഞ്ഞതുമായ ഭൂമി ഒരു കർഷകന് ഉണ്ടായിരിക്കാൻ പാടില്ലെന്നിരിക്കട്ടെ. ഗ്രാമത്തിൽ താമസിക്കയും യഥാർത്ഥത്തിൽ നിലം ഉഴുകയും ചെയ്യാത്ത യാതൊരുത്ത

നം ഭൂമി ഉണ്ടായിരിക്കാൻ പാടില്ല. കാർഷികമായ സാമ്പത്തിക വ്യവസ്ഥയുടെ ഏററവും ചെറിയ ഘടകം ഗ്രാമമായിരിക്കണം.

ഭൂമിയുടെ നിയമപരമായ ഉടമസ്ഥത ഗ്രാമത്തിന മുഴുവനുംകൂടിയായിരിക്കും. സ്റ്റേററു നിർണ്ണയിക്കുന്ന നിയമപ്രകാരം കൃഷിക്കാരായ വ്യക്തികൾക്കു ഭൂമിയുടെ ഉടമ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗ്രാമപ്പഞ്ചായത്തിനായിരിക്കും. അങ്ങനെ തങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ ഒരുതരം ഉടമസ്ഥാവകാശം കർഷകർക്കുതന്നെ ലഭിക്കുന്നതാണ്. കൂടുതൽ നീതിപൂർവമായ ഒരു പുനർവിതരണത്തിനും രണ്ടു് അന്തങ്ങളിലുമുള്ള വലിയ അസമത്വങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടി ആവശ്യമെന്നു തോന്നുന്നിടത്തു് ഭേദപ്പെടുത്തുന്നതൊഴിച്ച് ഇന്നു നിലവിലിരിക്കുന്ന ഉടമസ്ഥാവകാശങ്ങളെത്തന്നെ അംഗീകരിക്കണം. എന്നാൽ തങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണമനുസരിച്ച് ഗ്രാമത്തിൻെറ മുഴുവൻ ഉല്പന്നങ്ങളുടെഓഹരി പററുവാനുള്ള കർഷകൻെറ അവകാശം എന്ന നിലയിലേക്കു് ഉടമസ്ഥാവകാശത്തെ പരിമിതമാക്കുകയും ചെയ്യും. ഗ്രാമപ്പഞ്ചായത്തിനല്ലാതെ തൻെറ ഭൂമി വിൽക്കുവാൻ കർഷകനെ അനുവദിക്കുന്നതല്ല. കൃഷിയും മററു ചുമതലകളോടൊപ്പം ഓരോ ഗ്രാമപ്പഞ്ചായത്തു് ഒരു കർഷകസഹകരണസംഘം എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ്. വാങ്ങുക, വിൽക്കുക, കടം വാങ്ങുക തുടങ്ങി സകല കാർഷികപ്രവർത്തനങ്ങളും ആ സഹകരണസംഘം നടത്തുന്നതാണ്. സ്റ്റേററിലെ കൂലി, നിലങ്ങളിൽ പണിയെടുക്കുന്നവർക്കു പണമായോ സാധനമായോ ലഭിക്കുകയും ചെയ്യും. ചിലവുകഴിച്ചു ബാക്കിയുള്ള ഉല്പന്നങ്ങൾ വസ്തു ഉടമസ്ഥതയുടെ വലിപ്പമനുസരിച്ചു വീതിക്കുന്നതാണ്.

സാമൂഹ്യഘട്ടത്തിൽ ഭൂമിയുടെ മേൽ വ്യക്തിപരമായ ഉടമ അനുവദിക്കുകയില്ല. ഒരു ഗ്രാമത്തിലുള്ള ഭൂമിമുഴുവൻ അവിടുത്തെ സാമൂഹ്യ സംഘത്തിൻെറ ഉടമയിലും ഭരണത്തിലുമായിരിക്കും. സാമൂഹ്യവ്യവസ്ഥ നടപ്പാക്കാൻ 60 മുതൽ 70 വരെ ശതമാനം കർഷകരുടെ മേൽ ദണ്ഡനനീതി നടത്തേണ്ടി വരും. റഷ്യയിൽ സാമൂഹ്യാധിഷ്ഠാനകൃഷിപദ്ധതി വികസിപ്പിക്കാൻ രണ്ടുകോടിയോളം വരുന്ന ആ ജനസമൂഹത്തെ ഇങ്ങനെ മർദ്ദിച്ചു. ഈ വിധത്തിലുള്ള മർദ്ദനരീതിയിൽ യാതൊരു നീതിയുമില്ല. അതു് സോഷ്യലിസത്തിനു വിരുദ്ധവുമാണു്. ഇതിനും പുറമെ വേല ചെയ്തു കഷ്ടപ്പെടുന്ന ജനസമൂഹങ്ങളുടെ ആഗ്രഹങ്ങളുടെ ബഹിഃപ്രകടനമാണു് സോഷ്യലിസം. അതിനാൽ സാമൂഹ്യമാക്കുക എന്ന പദ്ധതി രണ്ടാമതായി മാത്രം വരേണ്ടതാണു്. അതിൻെറ ഗതി അവശ്യം മന്ദമായിരിക്കുകയും, പ്രകടനങ്ങളുടെയും പ്രചരണത്തിൻെറയും ഫലങ്ങളനുസരിച്ചു് അതു ക്രമപ്പെടുത്തുകയുമാണു വേണ്ടതു്. പുതിയ കാർഷികകോളനികളും കുടിപാർപ്പു പ്രദേശങ്ങളും സഹകരണഘട്ടത്തിൽ നിന്നു സാമൂഹ്യ വ്യവസ്ഥയിലേക്കു കടക്കേണ്ടതല്ലെന്നു ഞാൻ ബലമായി പറയുന്നില്ല. അങ്ങനെയുള്ള പരിവർത്തനം വരണമെന്നു തന്നെയല്ല ആരംഭംമുതൽ തന്നെ ഒരു സാമൂഹ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും വേണം. കാർഷികസാമ്പത്തിക വ്യവസ്ഥ ഒരു സഹകരണസാമ്പത്തിക വ്യവസ്ഥയായി മാറുമ്പോൾ ഇന്നത്തെ കർഷക സമൂഹത്തിലെ ഒരു ഗണ്യമായ വിഭാഗത്തിനു് തൊഴിലില്ലാതായിത്തീരും. അധികം വരുന്ന ഇക്കൂട്ടർക്കു കൃഷിയോടു ബന്ധമുള്ള വ്യവസായങ്ങളിൽ സ്ഥാനം നൽകേണ്ടതായും വരും.

വ്യവസായം

സോഷ്യലിസ്റ്റ് ഇൻഡ്യയിൽ വൻതോതിലും ചെറുതോതിലുമുള്ള രണ്ടുതരം വ്യവസായങ്ങൾ ഞാൻ കാണുന്നു. ഈ രണ്ടുതരം വ്യവസായങ്ങളും കൃഷിയും കൂടി ചേരുമ്പോൾ ക്രമീകൃതമായ ഒരു ദേശീയസാമ്പത്തിക വ്യവസ്ഥയുടെ ഘടകമായിത്തീരുമെന്ന് വിഷമംകൂടാതെ മനസ്സിലാക്കാം. അത് ജനായത്തപരമായി നയിക്കുന്നതും നിയന്ത്രിക്കുന്നതുമായിരിക്കും.

എല്ലാ വൻതരം വ്യവസായങ്ങളും ഫെഡ്റലോ പ്രാദേശികമോ ആയ ഗവമ്മെൻറുകൾ ഉടമസ്ഥത വഹിക്കുന്നതോ നടത്തുന്നതോ ആയിരിക്കും. ട്രേഡ്യൂണിയൻ പ്രതിനിധികൾക്കു് ഭരണസമിതിയിലെ എല്ലാ മണ്ഡലങ്ങളിലും സമർഹമായ സ്ഥാനമുണ്ടായിരിക്കും. താഴ്ന്നതരം വ്യവസായങ്ങൾ നിമ്മിതാക്കളുടെ സഹകരണ സമിതികളായി സംഘടിപ്പിക്കപ്പെടുന്നതാണ്. അവർതന്നെയായിരിക്കും അവയുടെ ഉടമസ്ഥരും നടത്തിപ്പുകാരും. ഈ വിധ സ്ഥാപനങ്ങൾക്കുവേണ്ട നിയമങ്ങൾ ഉണ്ടാക്കുന്നതിൽ കവിഞ്ഞു് സക്കാരിനു അവയിൽ കൈകടത്തുവാൻ അധികാരമുണ്ടായിരിക്കയില്ല. ഇവയുടെ കൂട്ടത്തിൽ താഴ്ന്നതരം വ്യവസായങ്ങളും, കൈത്തൊഴിൽ വ്യവസായങ്ങളും ഉൾപ്പെടുന്നു.

ഉല്പാദകരുടെ സഹകരണസമിതികളിലും സക്കാർ ഉടമസ്ഥതയിലും നിന്നു ഭിന്നമായ ഒരു വ്യാവസായിക ഉടമസ്ഥതയെ ഞാൻ വിഭാവനം ചെയ്യുകയും വാദിക്കുകയും ചെയ്യുന്നു. നഗരങ്ങളുടേയോ സമുദായത്തിൻേറയോ ഉടമസ്ഥതയാണ് അതു്. ഒരു പട്ടണത്തിനൊ നഗരത്തിനൊ വൻതരമല്ലെങ്കിലും ചെറുതും ഇടനിലയുള്ളതുമായ വ്യവസായങ്ങളുടെ ഉടമസ്ഥതയും

ഭരണവുമുണ്ടായിരിക്കും. ഇവയുടെയെല്ലാം ഭരണത്തിൽ തൊഴിലാളിപ്രതിനിധികൾക്കു് ഗണനീയമായ സ്ഥാനവുമുണ്ടായിരിക്കും. കാർഷികമായ പരിവത്തനം തൊഴിലില്ലായ്മയെ തടയാനും തൊഴിൽ വ്യവസായ കാര്യങ്ങൾ സംബന്ധിച്ചുള്ള പരിപൂർണ്ണ കുത്തക സ്റ്റേറ്റു കൈക്കലാക്കരുതെന്നും ഞാൻ ആഗ്രഹിക്കുന്നതുകൊണ്ടാണു് സഹകരണസമിതികളുടെയും സമുദായത്തിൻെറയും ഉടമസ്ഥതയിലുള്ള വ്യവസായങ്ങളെ വികസിപ്പിക്കണമെന്നു പറയുന്നതു്.

വ്യവസായത്തിൻെറ ഉടമസ്ഥതയും ഭരണവും ഷരിന്നിച്ചു വിതരണം ചെയ്യുന്നതുകൊണ്ടു്, ഗ്രാമത്തെ ഒരു ജനായത്ത ഗ്രാമീണ റിപ്പബ്ളിക്കായി വികസിപ്പിക്കുന്നതുകൊണ്ടും ഇന്നു് റഷ്യയുടെ ഞെക്കിക്കൊല്ലുന്ന പിടിയെ തകൎക്കുകയും ഉദ്യോഗസ്ഥാധികാരഭരണത്തെ ബലഹീനമാക്കുകയുമാണു് ചെയ്യുന്നതു്.

## വാണിജ്യം.

സോഷ്യലിസ്ററു ഭാരതത്തിൻെറ വാണിജ്യമണ്ഡലത്തിൽ സ്റ്റേററിൻെറ കയ്യിൽ ചുമതലയുള്ള വിദേശവാണിജ്യവും പ്രാദേശിക സമുദായം, സഹകരണസമിതി ഇവ തമ്മിൽ വിഭജിച്ചു ചുമതല വഹിക്കുന്ന ആഭ്യന്തര വാണിജ്യവും നിലനിൽക്കുന്നതായിരിക്കും.

## സ്റ്റേററു്.

ജനായത്തഭരണം കൂടാതെ സോഷ്യലിസ്ററു ഭരണം സാദ്ധ്യമല്ല. പക്ഷെ, ജനായത്തഭരണം എന്നതിനെ തൊഴിലാളിസമൂഹങ്ങളുടെ സേച്ഛാഭരണം എന്നു പലരും തെററായി ധരിച്ചുവച്ചിട്ടുണ്ടു്. ഇതു്

മാർക്സിയൻ സിദ്ധാന്തങ്ങൾക്കുതന്നെ വിരുദ്ധമാണ്. പരിവൎത്തനഘട്ടത്തിൽ ചിലപ്പോൾ ഭൂരിപക്ഷത്തിൻെറ സ്വേച്ഛാപ്രഭുത്വഭരണമുണ്ടായിരുന്നേക്കാം. എല്ലാ സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് അനിവാൎയ്യമായിരിക്കണമെന്നില്ല. രാഷ്ട്രീയമായ ജനപ്രഭുത്വം തികച്ചും നിലവിലിരിക്കുന്നതും വമ്പിച്ച സ്ഥിരസേനയില്ലാത്തതുമായ ഇംഗ്ലണ്ടിനെപ്പോലെയുള്ള ഒരു സ്റ്റേററു്, ജനായത്തമാർഗ്ഗങ്ങൾ ഉപയോഗിച്ചു് സോഷ്യലിസം നടപ്പാക്കാൻ കഴിയുന്ന ഒരു സ്റ്റേററു്, ആണു് മാർക്സ് വിഭാവന ചെയ്യുന്നതു്. അങ്ങനെയുള്ള അപൂൎവ്വ സന്ദർഭങ്ങളൊഴികെ സാധാരണക്കാരായ ഭൂരിപക്ഷത്തിൻെറ സർവാധികാരഭരണം പരിവൎത്തനഘട്ടത്തിൽ അത്യന്താപേക്ഷിതമെന്നു് മാർക്സിയൻ ചിന്താഗതി സിദ്ധാന്തിക്കുന്നു. പക്ഷേ പരിവൎത്തനഘട്ടം കഴിഞ്ഞാൽ സ്റ്റേററു് പൂർണ്ണമായ ഒരു ജനായത്ത സ്ഥാപനമാകണമെന്നുള്ളതു് മാർക്സിസത്തിൻെറ അടിസ്ഥാന തത്വങ്ങളിലൊന്നാണ്. പഴയ ഭരണവർഗ്ഗങ്ങളെ നശിപ്പിക്കുകയും, സമുദായത്തെ ഒരു തൊഴിലാളി സമുദായമായി മാററുകയും ചെയ്തശേഷം സാധാരണക്കാരായ ഭൂരിപക്ഷത്തിൻെറ സർവാധികാര ഭരണത്തെപ്പററി സംസാരിക്കുന്നതു്-വിഡ്ഢിത്തമാണ്. എന്തെന്നാൽ ആ ഭൂരിപക്ഷത്തിനു് അവരോടുതന്നെ സ്വേഛാപ്രഭുത്വം പ്രയോഗിക്കുക സാദ്ധ്യമല്ല. ഇന്ത്യയെ സംബന്ധിച്ചു പരിവൎത്തന ഘട്ടത്തിൽ ഒരു ജനപ്രഭുത്വം മതിയാകുമെന്നു വിശ്വസിക്കാം.

സോഷ്യലിസത്തിൻെറ കീഴിൽ ജനപ്രഭുത്വഭരണം എന്നു പറഞ്ഞാൽ ഒരു ഏകഭരണം ഇല്ലാതിരിക്കുക എന്നാണതിൻെറ അൎത്ഥം. തൊഴിലാളികൾ

കാർഷികമായും വ്യാവസായികമായും ഉള്ള അന്തര ത്താൽ വ്യത്യസ്തകോടികളിൽ നിന്നൊന്നു വരാം. അ വക്കു പ്രവർത്തിക്കാനും, അഭിപ്രായപ്രകടനത്തിനും പൂ ർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ട്രേഡ്യൂണിയ നുകൾ, സഹകരണസംഘങ്ങൾ മുതലായ സഹകരണ സ്ഥാപനങ്ങൾക്കു് സ്വന്തം പത്രങ്ങളും പ്രക്ഷോഭണ സമ്പ്രദായങ്ങളും സ്വന്തം വിദ്യാലയങ്ങളും വേണമെ ങ്കിൽ അവക്കുണ്ടായിരിക്കണം. ട്രേഡ്യൂണിയനു കൾ സ്റ്റേററിൻെറ അവയവങ്ങളോ, കീഴിലുള്ളതോ ആയിരിക്കണം എന്നു സോഷ്യലിസ്ററു ജനപ്രഭുത്വം അർത്ഥമാക്കുന്നില്ല. എന്നാൽ ദൈനംദിന ഭരണത്തിൽ ഗവമ്മെണ്ടിനെ വിമർശിക്കുന്നതും നിയന്ത്രിക്കുന്നതു മായ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവത്തിക്കേണ്ട താണു്. സ്റ്റേററു് തൊഴിലാളികളുടേതാണെന്നും അ തുകൊണ്ടു് എല്ലാ തൊഴിലാളി സംഘടനകളും സ്റ്റേ ററിൻെറ കീഴിൽ ആയിരിക്കണമെന്നുമുള്ള സിദ്ധാന്ത പ്രകാരം റഷ്യയിലെ തൊഴിലാളി സംഘടനകൾ സ ക്കാരിൻെറ ആജ്ഞാനുവത്തികളായി മാത്രം കഴിഞ്ഞു വരികയാണു്.

അങ്ങനെ ഒരു സോഷ്യലിസ്ററു ഭാരതത്തെപ്പ ററിയുള്ള ചരിത്രം രാഷ്ട്രീയവും സാമ്പത്തികവുമായു ള്ള ജനപ്രഭുത്വത്തിൻെറ ചിത്രമാണു്. അവിടെ മനു ഷ്യൻ സ്വതന്ത്രനായിരിക്കും. അയാൾക്കു തൊഴിലും ജീവിതമാർഗ്ഗങ്ങളും നൽകുന്ന സമുദായത്തിനുവേണ്ടി അയാൾ സേവനമനുഷ്ഠിക്കും. ഒരു പരിധിക്കുള്ളിൽ അ യാൾക്കു തൻെറ തൊഴിലും ജീവിതത്തിലെ സ്ഥാന വും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമുണ്ടായിരിക്കും. അയാളുടെ പൂർണ്ണമായ സാന്മാർഗ്ഗിക നിലയിലേക്കു യരാനയാൾക്കു സൗകര്യം ലഭിക്കും. മാനസികവും ശാ

രീരികവുമായ സിദ്ധികളുടെ വ്യത്യാസങ്ങളല്ലാതെ വരുമാനം സംബന്ധിച്ച വ്യത്യാസമില്ലാത്തതുകൊണ്ടു മനുഷ്യനും മനുഷ്യനും തമ്മിൽ ഇന്നു കാണപ്പെടുന്നതുപോലെയുള്ള വലിയ അന്തരങ്ങൾ കാണപ്പെടുകയില്ല.

സോഷ്യലിസം

"സോഷ്യലിസ്റ്റുസിദ്ധാന്തത്തിൽ പ്രതിപാദിച്ചിട്ടുള്ള ബഹുമുഖങ്ങളായ എല്ലാ പ്രശ്നങ്ങളേയും രണ്ടായി സംഗ്രഹിക്കാം.

ഒന്നാമത്തെ പ്രശ്നം: വിഭവോല്പാദനം.

രണ്ടാമത്തെ പ്രശ്നം: അതിന്റെ വിതരണം.

ഒന്നാമത്തേതു തൊഴിൽ എന്ന പ്രശ്നത്തെ ഉൾക്കൊള്ളുന്നു.

രണ്ടാമത്തേതിൽ കൂലി എന്ന പ്രശ്നവും.

ഒന്നാമത്തേതിൽ മനുഷ്യന്റെ കഴിവു് ഉപയോഗിക്കുകയെന്നതാണു് പ്രശ്നം.

രണ്ടാമത്തേതിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നം ഉപഭോഗവിതരണമാണു്.

ന്യായമായ ഉപഭോഗ വിതരണത്തിന്റെ പരിണതഫലമാണു വ്യക്തികളുടെ സംതൃപ്തി. ന്യായമായ വിതരണം തുല്യമായ വിതരണമല്ല, നീതിപൂർവകമായ വിതരണമാണു്. ശ്രേഷ്ഠമായ സമത്വം നീതിയാകുന്നു.

ഇവയുടെ, അതായതു ബാഹ്യമായ പൊ

തുജനശക്തിയുടെയും, ആഭ്യന്തരമായ വ്യക്തിസംതൃപ്തിയുടെയും സമ്മേളനത്തിൽ നിന്നു സാമൂഹ്യക്ഷേമൈശ്വര്യങ്ങൾ സംജാതമാകുന്നു.

സാമൂഹ്യസമൃദ്ധിയിൽ മനുഷ്യൻെറ സംതൃപ്തിയും, പൗരൻെറ സ്വാതന്ത്ര്യവും, രാഷ്ട്രത്തിൻെറ മഹത്വവും അന്തർലീനമായിരിക്കുന്നു."

വിക്ടർ യൂഗോ.

# അദ്ധ്യായം 6

## ഉപസംഹാരം

കഴിഞ്ഞ ജൂണിൽ ഏ. ഐ. സി. സി. സമ്മേളനം കൂടിയപ്പോൾ വേവൽപദ്ധതി സ്വീകരിക്കുന്നതിൽ ഒരുകൂട്ടർ എതിർത്തു. അവരുടെ അംഗസംഖ്യ അമ്പതു ആയിരുന്നു. ആകെ ഏ. ഐ. സി. സി. യിലുള്ളതു് 250-ഓളം പേരാണു്. ഇതിൽനിന്നു് എതിർത്ത അമ്പതുപേരുൾപ്പെടുന്ന സോഷ്യലിസ്റ്റുപാർട്ടിക്കു് ജനമദ്ധ്യത്തിൽ അഞ്ചിലൊരുഭാഗം പിൻബലം ഉണ്ടെന്നു പൂർണ്ണമായും വിശ്വസിക്കാം. ആ യോഗത്തിൽ ശ്രീ അച്യുത് ചെയ്ത വീറോട്ടുകൂടിയ പ്രസംഗം പണ്ഡിററ് ജവഹരിലാലിനെപ്പോലും അമ്പരിപ്പിച്ചു. അദ്ദേഹംപോലും ആനന്ദത്താൽ മതിമറന്നുപോയി.

പ്രതിലോമവാദികളും സ്ഥാപിതതാല്പര്യക്കാരുമായ ഒരുകൂട്ടരുടെ ശ്രമത്തിൽ സ്വതന്ത്ര ഇൻഡ്യാ

ഭരണക്രമം തീർത്തുകൊണ്ടു ജനസാമാന്യത്തിന് ഒരു പുരോഗതിയുംഉണ്ടാകയില്ല. അതിന് ഒരു സോഷ്യലിസ്റ്റു ഭരണം കൂടിയേ തീരൂ. ഓരോ തൊഴിലാളിക്കും സ്വന്തമായി കിടപ്പാടവും, തൊഴിലും ഉണ്ടാകണം. അപ്പോൾ യാചകന്മാരുണ്ടായിരിക്കയില്ല. യാചന കുററകരമാക്കുകയും വേണ്ട. സഹകരണാധിഷ്ഠാനത്തിൽ കൃഷിയും വ്യവസായവും വികസിപ്പിച്ചാൽ രാജ്യത്തിലെ കഷ്ടതകൾ അവസാനിക്കും. ഒരു കാർഷിക രാജ്യമായ ഭാരതത്തിന് ഒരു സോഷ്യലിസ്റ്റ് ഇന്ത്യ രൂപീകരിക്കാൻ വിഷമമില്ല എന്നാണ് വിദഗ്ദ്ധാഭിപ്രായം. മനുഷ്യരുടെ അലസത തീൎന്ന് ഇന്നത്തെ തൊഴിലാളികളും മുതലാളികളും ഒരുപോലെ പ്രയത്നിക്കണം. അതിനത്യാവശ്യമായി വേണ്ടതു് സ്വകാര്യഉടമകളെ ഇല്ലാതാക്കുകയാണു്. തലമുറക്കാലത്തു് ആവശ്യം കഴിച്ചു മിച്ചം വരുന്ന മുതലുകൾ ഉടമസ്ഥന്റെ മരണശേഷം പിൻതുടർച്ചക്കാരുടെ സ്വന്തമായിത്തീരുന്ന ഇന്നത്തെ രീതിയിൽനിന്നു് വ്യത്യസ്തമായി ആ വക മുൻകരുതലുകൾ സൎക്കാരിലേക്കു കണ്ടുകെട്ടണം. ഇതിന് എതിർപ്പുണ്ടാകുമെന്നും, നടക്കുന്ന സംഗതിയല്ലെന്നും ചിലർ പറയും. ബ്രിട്ടീഷ് രാജ് ഇല്ലാതാക്കാൻ ഇൻഡ്യാക്കാൎക്കു സാധിക്കുമെങ്കിൽ ഇതും നിഷ്പ്രയാസം സാധിക്കും.

ഗവർമ്മെണ്ടും, തുടൎന്നു ഭൂമിയും, ധനവും, വ്യവസായവും സംബന്ധിച്ചു് ഒരു പരിവൎത്തനം ഉണ്ടായാൽ തുടൎന്നു വേണ്ടതു് ഭരണാധികാരികളെയും, ഭരണക്രമത്തെയും നിശിതമായി വിമർശിക്കുന്ന പത്രങ്ങളാണു് സോഷ്യലിസ്ററു ഭാരതത്തിൽ വ്യക്തികൾ പത്രം നടത്താൻ അനുവദിക്കരുതു്. പത്രമാരണനിയമങ്ങളും ഉണ്ടായിരിക്കരുതു്. ഭൂരിപക്ഷക്കാർ നയിക്കു

[illegible]കൂടാതെ വിമർശിക്കാൻ [illegible]ങ്ങൾ തയ്യാറാകും. അവയ്ക്കതിനു സ്വാതന്ത്ര്യമുണ്ടായിരിക്കാനാണ് പത്രമാരണനിയമം ഉണ്ടായിരിക്കരുതെന്നു പറയുന്നത്. കലാകാരന്മാർക്കും ഇവിടെ ചില കടമകളുണ്ട്. ജനകീയ പുരോഗതിക്ക് എന്നു കരുതി പ്രചരണപരമോ, അശ്ലീലത നിറഞ്ഞതോ ആയിരിക്കരുത് തങ്ങളുടെ കലാവിഭവങ്ങൾ. പൊതുജനങ്ങളുടെ രുചി അറിഞ്ഞും എന്നാൽ ദൂഷിച്ച വാസനയിലേക്കു പോകാതെ അവരെ ഉയർത്തിക്കൊണ്ടു വരാനുള്ളതുമായിരിക്കണം എപ്പോഴും കലാവിഭവങ്ങൾ.

കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ പൊതുവെ മെമ്പറന്മാരുടെ അഭിപ്രായപ്രകടനങ്ങളിൽനിന്ന് ഒരു സോഷ്യലിസ്റ്റധിഷ്ഠാനത്തിലുള്ള ഗവർമ്മെന്റായിരിക്കും ഭാവി ഭാരതത്തെ നയിക്കുന്നതെന്ന് നമുക്ക് ന്യായമായി അനുമാനിക്കാം.

ജയ് ഹിന്ദ്

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M320 Acc. No. 5684

This book should be returned on or before the date last stamped below.

12 FEB 1977

9 DEC 1985

30 JAN 1986

9 MAY 1986

N320 5684
Bal-B

ബാലൻ, തിരുവാർപ്പ്
സോഷ്യലിസവും ജയപ്രകാശും